
# സുവിശേഷ സൗഭാഗ്യം

ഡോ. ജെയിംസ് അജ്ജേവ്യൂസ്
കോയിത്തറ സി.എം.ഐ.



# സുവിശേഷസൗഭാഗ്യം

288



1917 മാർച്ച് 23 ന് പുത്തൻപള്ളിയിൽ ഫാ. ജെയിംസ് അജേവൂസ് കോയിത്തറ ഭൂജാതനായി. സി.എം.ഐ. സഭയിൽ ചേർന്ന് 1937ൽ വ്രതവാഗ്ദാനം നടത്തി. 1944 മാർച്ച് 24 ന് പൂനായിലെ ഡിനോബിലി കോളേജിൽ വച്ച് പൗരോഹിത്യം സ്വീകരിച്ചു. മദ്രാസ് യൂണിവേഴ്സിററിയിൽനിന്ന് ഭൗതികശാസ്ത്രത്തിൽ ബിരുദം നേടിയ അദ്ദേഹം 1955ൽ അതേ യൂണിവേഴ്സിററിയിൽ നിന്നുതന്നെ ആംഗല ഭാഷയിലും സാഹിത്യത്തിലും ബിരുദാനന്തര ബിരുദം കരസ്ഥമാക്കി. ക്യാനഡയിലെ മോൺട്രിയാൽ യൂണിവേഴ്സിററിയിൽനിന്നാണ് ആംഗല സാഹിത്യത്തിൽ ഡോക്ടർ ബിരുദം നേടിയതു്. 1955 മുതൽ ആംഗല ഭാഷാധ്യാപകനായി ഇരുന്നതിനുശേഷം തേവര കോളെജിൽത്തന്നെ 1964 മുതൽ 1969 വരെ പ്രിൻസിപ്പാലായി സേവനമനുഷ്ഠിച്ചു. ഇപ്പോൾ രാജഗിരി കളമശ്ശേരിയിലാണ് അദ്ദേഹം.

# സുവിശേഷ സൗഭാഗ്യം

ACHARYA PALACKAL JEEVASSKENDRAM
LIBRARY
10161
ALUVA

ഡോ. ജെയിംസ് അജേവൂസ് കോയിത്തറ
സി.എം.ഐ.

10.00 ജനത തേവര

ന) 248.3
K01

**DISTRIBUTION**

**JANATHA BOOK STALL, THEVARA, KOCHI-13**

| | | |
|---|---|---|
| Malayalam | : | SUVISESHASAUBHAGYAM |
| Author | : | Dr. James Aggeus Koithara C.M.I. |
| Copy right | : | Author |
| Published by | : | Author. January 1994 |
| Printed at | : | L.F.I. Press, Thevara, Kochi-682013 |
| Cover Design | : | Madanan |

SN00482 939433 2000 D77

# മുഖവുര

എൻെറ സന്ന്യാസവൈദികജീവിതത്തിലെ നിർണ്ണായകമായ ഒരു കാലഘട്ടത്തിൽ ആംഗലസാഹിത്യാധ്യാപനരംഗത്തുനിന്നു സുവിശേഷാധ്യാപനരംഗത്തേക്കു കടന്നുവന്ന അവസരത്തിൽ, ഒരു പ്രത്യേക സാഹിത്യപ്രതിഭാസമെന്ന നിലയിൽ സുവിശേഷ വിവരണങ്ങളുടെ രചനാരൂപങ്ങളിൽപോലും പ്രതിഫലിച്ചു കാണുന്നതായി എനിക്കനുഭവപ്പെട്ട ഒരു രക്ഷാകര സവിശേഷതയാണ് അഭിമുഖീകരണാത്മകത. അഭിമുഖീകരണാത്മകത എന്നു പറയുമ്പോഠം ഞാൻ അർത്ഥമാക്കുന്നതു്, ലോകചരിത്രത്തിൽ ഒരു കാലത്തു് ഏതാനും മനുഷ്യവ്യക്തികഠംക്കു് അവരോരോരുത്തരുടെയും ജീവിത പശ്ചാത്തലത്തിൽ അഭിമുഖീകരിക്കാനിട വന്ന യേശുക്രിസ്തുവിനെ എല്ലാ കാലങ്ങളിലും, ജാതിമതഭേദമെന്യേ, എല്ലാ മനുഷ്യർക്കും അവരോരോരുത്തരുടെയും ജീവിതപശ്ചാത്തലത്തിൽ അഭിമുഖീകരിക്കാനിടവരത്തക്കവിധം സുവിശേഷ വിവരണങ്ങളിൽ സദാ പ്രവർത്തനക്ഷമമായിക്കൊണ്ടിരിക്കുന്ന അതിമാനുഷികശക്തി വിശേഷമാണു്.

സുവിശേഷവിവരണങ്ങളുടെ രൂപചരിത്രം, രചനാചരിത്രം എന്നിങ്ങനെയുള്ള നിരൂപണസിദ്ധാന്തങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന ഈ സവിശേഷതയുടെ ദൈവശാസ്ത്രപരവും പ്രാർത്ഥനാപരവുമായ മാനങ്ങളെപ്പററി പഠിക്കുവാനും പരിചിന്തിക്കുവാനും മററുള്ളവരുമായി ആശയങ്ങഠം പങ്കുവയ്ക്കുവാനും അവസരങ്ങളുണ്ടായിട്ടുണ്ടു്. ഇതു സംബന്ധമായി എൻെറ അധ്യാപനക്കുറിപ്പുകളിൽനിന്നു പ്രസക്തമായ ഭാഗങ്ങഠം പര

സഹായത്തോടെ തിരഞ്ഞെടുത്തു രൂപപ്പെടുത്തി പ്രകാശനം ചെയ്തിരിക്കുന്നതാണ് ഈ ചെറുഗ്രന്ഥം.

മൂന്നധ്യായങ്ങളായി ഇതിലെ പ്രതിപാദനം ക്രമീകരിച്ചിരിക്കുന്നു. ക്രൈസ്തവ പ്രാർത്ഥനാ പ്രക്രിയയുടെ ദൈവാഭിമുഖീകരണസ്വഭാവമാണ് ഒന്നാമധ്യായത്തിലെ പ്രതിപാദ്യ വിഷയം. ഈദൃശമായ ദൈവാഭിമുഖീകരണം എപ്രകാരം സുവിശേഷവിവരണങ്ങളിലൂടെ പ്രായോഗികമാക്കാമെന്നു രണ്ടാമത്തെ അധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നു. സുവിശേഷവിവരണങ്ങളിലെ ദൈവാഭിമുഖീകരണരംഗങ്ങൾ തിരിച്ചറിയുന്നതിനും പ്രായോഗികമാക്കുന്നതിനും സഹായകമാകത്തക്കവിധം ഏതാനും ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുകയാണ് മൂന്നാമത്തെ അധ്യായത്തിൽ.

സുവിശേഷവത്കരണം രണ്ടായിരാമാണ്ടിലേക്കു നടന്നടുക്കുന്ന ദൈവജനത്തിനു് കടന്നുപോകുന്ന ഓരോ നിമിഷവും, സുവിശേഷസൗഭാഗ്യം തങ്ങളുടെ പാദങ്ങൾക്കു വിളക്കും വഴികളിൽ പ്രകാശവുമായിത്തീരുന്നതിനു് ഒരു കൈത്തിരിയായി ഈ ചെറുഗ്രന്ഥം പ്രയോജനപ്പെടുമെങ്കിൽ, ഗ്രന്ഥകാരൻെറ പൗരോഹിത്യ സുവർണ്ണജൂബിലിയുടെ സന്തോഷം പൂർണ്ണമാകും.

നന്ദിയുടെ ഒരുവാക്ക്. പരസഹായം ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിൽ സ്നേഹപൂർവ്വം സഹായഹസ്തങ്ങൾ നീട്ടിത്തന്ന വളരെപ്പേരുണ്ട്. അവരിൽ ഫാ. ജോൺസൺ വാഴപ്പിള്ളി സി.എം.ഐ., സി. ട്രീസാ മാർഗരററ് സി.എം.സി., സി. മരീനാ മുണ്ടാടൻ എസ്.എ.ബി.എസ്., ബ്ര. ബെന്നി കാരുവേലിൽ സി.എം.ഐ. എന്നിവരുടെപേരുകൾ പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. ഇവരുൾപ്പെടെ എല്ലാവരോടും ഞാൻ അതീവകൃതജ്ഞതയുള്ളവനാണ്. സുവിശേഷസൗഭാഗ്യം നിങ്ങളുടെ കൈകളിലെത്തിക്കാൻ എന്നെ സഹായിച്ച ഫാ. ജോൺ നടുവത്തുശ്ശേരി സി.എം.ഐ.ക്കും ഈ ചെറുഗ്രന്ഥം സദയം പരിശോധിച്ച് പ്രസാധനത്തിനു് എന്നെ സഹായിച്ച ഡോ. ചെറിയാൻ കുനിയന്തോടത്ത് സി.എം.ഐ. ക്കും വിതരണം ഏറെറടുത്ത ജനതാ ബുക് സ്റ്റാൾ അധികൃതർക്കും എൻെറ വിനീതമായ കൂപ്പുകൈ.

അവസാനമായി, എൻെറ പൗരോഹിത്യ സുവർണ്ണജൂബിലിയുടെ സ്മാരകമായി ഇങ്ങനെയൊരു ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനു് എനിക്കു് അനുവാദം തരുകയും, എല്ലാവിധ പ്രോൽസാഹനവും നല്കി അനുഗ്രഹിക്കയും ചെയ്ത, തിരുഹൃദയ പ്രോവിൻസിലെ ഞങ്ങളുടെ പ്രോവിൻഷ്യാളച്ചൻ ഡോ. മത്തിയാസ് മുണ്ടാടൻ സി.എം.ഐ-യോടുമുള്ള എൻെറ കടപ്പാടും കൃതജ്ഞതയും ഈ അവസരത്തിൽ വിനയപൂർവ്വം രേഖപ്പെടുത്തുന്നു.

രാജഗിരി, ഫാ. ജെയിംസ് അജേവൂസ്
കളമശ്ശേരി-683104 കോയിത്തറ സി.എം.ഐ.
15-1-1994 എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസ്

ACHARYA PALACKAL JEEVASSKENDRAM
LIBRARY
10161
ALUVA

# പ്രാർത്ഥനയും
# ജീവിതസൗഭാഗ്യവും

# ഒന്ന്

# അഭിമുഖീകരണാത്മകമായ പ്രാർത്ഥനാസൗഭാഗ്യം

## 1. രണ്ടുതരം പ്രതിപാദന സമീപനങ്ങൾ

പ്രാർത്ഥനയെപ്പററി നിലവിലുള്ള പ്രതിപാദന സമീപനങ്ങളെ രണ്ടായി തരംതിരിക്കാം: ഒന്ന്, ആശയപരമായ പ്രതിപാദനസമീപനങ്ങൾ. രണ്ട്, അനുഭവപരമായ പ്രതിപാദനസമീപനങ്ങൾ, ആശയപരമായ പ്രതിപാദനങ്ങൾ പ്രധാനമായും പ്രാർത്ഥനയുടെ സ്വഭാവം, വിവിധ ഭാഗങ്ങൾ, വിവിധ രീതികൾ, സാമ്യവ്യത്യാസങ്ങൾ എന്നിങ്ങനെയുള്ള ആശയങ്ങൾ നിർവ്വചിക്കുന്നതിനും വിശദമാക്കുന്നതിനും പരിശ്രമിക്കുന്നു. പ്രാർത്ഥനയെപ്പററി താത്ത്വികവും വസ്തുനിഷ്ഠവും സമഗ്രവുമായ ആശയങ്ങൾ കൈമാറുകയെന്നതാണ് അവയുടെ പ്രധാന ലക്ഷ്യം. എന്നാൽ അനുഭവപരമായ പ്രതിപാദനസമീപനങ്ങൾ പ്രധാനമായും ശ്രദ്ധപതിപ്പിക്കുന്നതു പ്രാർത്ഥനയുടെ വ്യക്തിപരമായ അനുഭവത്തിലാണ്. പ്രാർത്ഥനയുടെ സ്വഭാവം എന്താണെന്ന് ഓരോരുത്തരുടെയും അനുഭവങ്ങളുടെ വെളിച്ചത്തിൽ പരിശോധിച്ചു മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനും പ്രസ്തുത പ്രതിപാദനസമീപനങ്ങൾ ആവശ്യപ്പെടുന്നു. പ്രാർത്ഥനയെസ്സംബന്ധിച്ചുള്ള ആശയങ്ങൾ സംഭരിക്കുകയെന്നതിനെക്കാൾ പ്രാർത്ഥനയുടെ അനുഭവം നുകരുക, അനുദിനജീവിതത്തിൽ അതു പ്രായോഗികമാക്കുക, പ്രാർത്ഥനയ്ക്ക് ഓരോരുത്തരും വ്യക്തിപരമായ ശൈലി കണ്ടെത്തുക എന്നിങ്ങനെയുള്ള വിഷയങ്ങളിലേയ്ക്കാണ് അനുഭവപരമായ പ്രതിപാദനസമീപനങ്ങൾ പ്രധാനമായും വിരൽ ചൂണ്ടുന്നത്.

## 2. പ്രാർത്ഥനാപരിപാടിയും പ്രാർത്ഥനാജീവിതവും

പ്രാർത്ഥനയുടെ അനുഭവം രണ്ടുതരത്തിൽ മനസ്സിലാക്കാം: ഒന്ന്; അനുദിനജീവിതത്തിലെ വിവിധപരിപാടികളിൽ ഒരു പ്രത്യേക പരിപാടിയുടെ അനുഭവം; രണ്ട്, ജീവിതത്തെ മുഴുവനായും ഗ്രസിക്കുന്നു. ജീവിതത്തിലെ എല്ലാ പരിപാടികളും ദൈവസാന്നിദ്ധ്യാവബോധത്താൽ സജീവമാക്കപ്പെടുന്ന ജീവിതാനുഭവം. പ്രാർത്ഥനാനുഭവത്തെ അനുദിനജീവിതത്തിലെ ഒററപ്പെട്ട ഒരു പരിപാടിയിൽമാത്രം ഒതുക്കിനിർത്തിയാൽ അങ്ങ

നെയുള്ള ജീവിതത്തിൽ ഒരു വിരോധാഭാസം കടന്നുകൂടുവാൻ പാടുണ്ട്. പ്രാർത്ഥിക്കുമ്പോൾ നന്നായി പ്രാർത്ഥിക്കുക, മററവസരങ്ങളിൽ ഇഷ്ടംപോലെ ജീവിക്കുകയെന്നതായിരിക്കും പ്രസ്തുത വിരോധാഭാസം. എന്നാൽ ജീവിതത്തെ മുഴുവനായി ഗ്രസിക്കുന്ന പ്രാർത്ഥനാനുഭവത്തിൽ മേല്പറഞ്ഞ വിരോധാഭാസത്തിനു സ്ഥാനമുണ്ടായിരിക്കുന്നതല്ല. അവിടെ പ്രാർത്ഥന ജീവിതത്തിലും, ജീവിതം പ്രാർത്ഥനയിലും പരസ്പരം അലിഞ്ഞുചേരുന്നു. പ്രാർത്ഥനയുടെ അനുഭവം, ജീവിതത്തിലെ വൈവിധ്യമാർന്ന അനുഭവങ്ങളുടെ വെല്ലുവിളികളിൽ ദൈവദർശനത്തിനു വഴിയൊരുക്കുന്നു : ജീവിതാനുഭവങ്ങളുടെ വെല്ലുവിളികളിൽ അനുഭവപ്പെടുന്ന ദൈവദർശനം പ്രാർത്ഥനാവേളയിൽ ദൈവസായുജ്യത്തിനു സഹായകമായിത്തീരുന്നു. അതാണു ക്രൈസ്തവരക്ഷണീയദർശനത്തിൽ ജീവിതസൗഭാഗ്യത്തിൻെറ ഉറവിടം. ഒരാൾ എങ്ങനെ പ്രാർത്ഥിക്കുന്നുവോ അങ്ങനെയായിരിക്കും അയാളുടെ ജീവിതം; എങ്ങനെ ജീവിക്കുന്നുവോ അങ്ങനെയായിരിക്കും അയാളുടെ പ്രാർത്ഥനയും.

## 3. അഭിമുഖീകരണാത്മകമായ പ്രാർത്ഥനാനുഭവം

ദൈവസായുജ്യത്തിനു വഴിയൊരുക്കുന്ന പ്രാർത്ഥനാനുഭവം, കാരുണ്യവാനായ ദൈവം മനുഷ്യർക്കു നല്കുന്ന അതിസ്വാഭാവിക ദാനവിശേഷമാണ്. മനുഷ്യൻെറ പരിശ്രമം കൊണ്ടുമാത്രം നേടിയെടുക്കാവുന്നതല്ല അത്. എന്നാൽ മനുഷ്യൻെറ എല്ലാ നല്ല പരിശ്രമങ്ങളെയും ദൈവം അനുഗ്രഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും തൻെറ രക്ഷാകര പരിപാലനയിൽ അവയെ വിജയപ്രദമാക്കുകയും ചെയ്യുമെന്നുള്ളത് ക്രിസ്തീയ വിശ്വാസത്തിൻെറ അനുഭവസിദ്ധമായ ഉറപ്പാണ്. അങ്ങനെയെങ്കിൽ ദൈവത്തിനു വ്യക്തിപരമായി അഭിമുഖീഭവിച്ചു ജീവിതപരിവർത്തനവും ഹൃദയ സൗഭാഗ്യവും പ്രാപിക്കുന്നതിനായി നടത്തുന്ന പരിശ്രമത്തെ, ഒരു മനുഷ്യനു ചെയ്യാവുന്നതും, മനുഷ്യൻ ചെയ്യേണ്ടതുമായ ഏററവും നല്ല പരിശ്രമത്തെ, നല്ല ദൈവം തീർച്ചയായും അനുഗ്രഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും, വിജയപ്രാപ്തിയിലെത്തിക്കുകയും ചെയ്യും. ഇതാണ് പ്രാർത്ഥനയെ ദൈവാഭിമു

ഖീകരണസൗഭാഗ്യമെന്നു വിശേഷിപ്പിക്കുന്നതിൻെറ പ്രസക്തിയും നീതീകരണവും.

## 4. സ്വാഭാവികക്രമീകരണത്തിൽ മനുഷ്യജീവിതത്തെ സമ്പന്നമാക്കുന്ന അഭിമുഖീകരണപ്രക്രിയ

അഭിമുഖീകരണാത്മകമായ പ്രാർത്ഥനാനുഭവം ദൈവം മനുഷ്യർക്കു നല്കുന്ന അതിസ്വാഭാവിക ദാനവിശേഷമാണെന്നു പറയുകയുണ്ടായി. എന്നാൽ പ്രസ്തുത ദാനവിശേഷം പ്രവർത്തനക്ഷമമാകുന്നതിനും രക്ഷാകരമായ ഫലമുളവാക്കുന്നതിനും ഒരു പരിധിവരെ വളരെ സഹായകമാണ് സ്വാഭാവികക്രമീകരണത്തിൽ മനുഷ്യനും മനുഷ്യനുമായി പ്രായോഗികമാക്കാൻ കഴിയുന്ന അഭിമുഖീകരണപ്രക്രിയ. തന്മൂലം സ്വാഭാവികക്രമീകരണത്തിൽ മനുഷ്യനും മനുഷ്യനുമായി പ്രായോഗികമാക്കാൻ കഴിയുന്ന അഭിമുഖികരണപ്രക്രിയയെ സംബന്ധിക്കുന്ന അടിസ്ഥാനപരമായ ചില ആശയങ്ങൾ ഓർക്കുന്നതു നന്നായിരിക്കും. സമൂഹസൃഷ്ടിയായ മനുഷ്യർക്കു പരസ്പരസമ്പർക്കത്തിലൂടെ ഓരോരുത്തരുടെയും വ്യക്തിത്വം വളർത്തിയെടുക്കുന്നതിന് അത്യന്താപേക്ഷിതമായ ഉപാധിയാണ് അഭിമുഖീകരണപ്രക്രിയ. പരസ്പരസമ്പർക്കത്തിൻെറ അനുകൂല പ്രതികൂല പ്രതികരണങ്ങളെ അവസരമാക്കി ഓരോരുത്തർക്കും അവരുടേയും മററുള്ളവരുടേയും വിവിധങ്ങളായ വ്യക്തിത്വങ്ങളിലേക്കിറങ്ങി ആഴമായ ആത്മജ്ഞാനവും പരജ്ഞാനവും സമ്പാദിക്കുന്നതിന് സഹായകമായിത്തീരുന്നു അഭിമുഖീകരണ സമീപനം. ഇവിടെ പരസ്പരസമ്പർക്കത്തിൻെറ കേവലം ബാഹ്യമോ, ഔപചാരികമോ, ഔദ്യോഗികമോ ആയ കൃത്രിമ ആചാരാനുഷ്ഠാനങ്ങൾക്കതീതമായി വ്യക്തിപരമായബന്ധം രൂപം പ്രാപിക്കുന്നതിനായി അനുഭവപ്പെടുന്നു. മനഃപ്രയാസങ്ങൾ പങ്കുവയ്ക്കുവാൻ സ്വാതന്ത്ര്യമുണ്ടാകുന്നു. പരസ്പരധാരണയുടെയും, ഹൃദയൈക്യത്തിൻെറയും ആത്മസമാധാനത്തിൻെറയും അന്തരീക്ഷം സംജാതമാകുന്നു. മറെറന്തെല്ലാം പരിമിതികളും പരാധീനതകളുമുണ്ടാകാമെങ്കിലും മനുഷ്യനും മനുഷ്യനുമായുള്ള സ്വാഭാവികസമ്പർക്കത്തിൻെറ വിശുദ്ധമായ അഭിമുഖീകരണാനുഭവങ്ങളാണ് ഇവയെല്ലാം. സ്വാഭാവിക ക്രമീകരണത്തിൽ മനുഷ്യനും മനുഷ്യ

നം തമ്മിൽ പ്രായോഗികമാക്കാവുന്ന അഭിമുഖീകരണാനുഭവത്തിൻെറ പാവനരംഗങ്ങളാണ് ഭാര്യാഭർതൃബന്ധം, സഹോദരബന്ധം, ഗുരുശിഷ്യബന്ധം, സുഹൃദ്ബന്ധം മുതലായവ.

## 5. അഭിമുഖീകരണാത്മകമായ പ്രാർത്ഥനയുടെ ഘടകങ്ങൾ

മനുഷ്യമനസ്സിൻെറ പ്രവർത്തനമേഖലകളെ മനഃശാസ്ത്രവിദഗ്ധന്മാർ ബോധതലം, ഉപബോധതലം, അബോധതലം എന്നിങ്ങനെ മൂന്നായി തരം തിരിക്കാറുണ്ട്. തൻെറ ബോധതലത്തിൽ സംഭവിക്കുന്നവയെപ്പററി ഉത്തരവാദിത്വമാരോപിക്കത്തക്കവിധം ഒരാൾക്ക് അറിവും അവബോധവും നിയന്ത്രണ സ്വാതന്ത്ര്യവുമുണ്ടായിരിക്കും. ഉപബോധതലത്തിൽ സംഭവിക്കുന്നവയെപ്പററിയാവട്ടെ, ഉത്തരവാദിത്വമാരോപിക്കത്തക്കവിധം അറിവും അവബോധവും നിയന്ത്രിത സ്വാതന്ത്ര്യവുമുണ്ടാവണമെന്നില്ല. എന്നാൽ മനസ്സിൻെറ അബോധതലത്തിൽ സംഭവിക്കുന്നവയെപ്പററി ഒരാൾക്ക് യാതൊരുവിധ അറിവോ, അവബോധമോ, നിയന്ത്രണ സ്വാതന്ത്ര്യമോ ഉണ്ടായിരിക്കുന്നതല്ല. തന്മൂലം അവയെപ്പററി യാതൊരു വക ഉത്തരവാദിത്വവും അയാളിൽ ആരോപിക്കാവുന്നതുമല്ലത്രേ.

മനഃശാസ്ത്രപരമായ പ്രസ്തുത സിദ്ധാന്തം അതേപടി സാന്മാർഗ്ഗിക ശാസ്ത്രത്തിൽ സ്വീകരിക്കപ്പെടുന്നില്ലെങ്കിലും മനസ്സിൻെറ അബോധതലം സ്വസ്ഥമാകുന്നതനുസരിച്ച് ബോധതലവും സ്വസ്ഥമാകുമെന്നത് ഏവരും അംഗീകരിക്കുന്ന ഒരു യാഥാർത്ഥ്യമാണ്.

മനസ്സിൻെറ അബോധതലത്തെ സ്വസ്ഥമാക്കാൻ സഹായകമായ സ്വാഭാവികവും അതിസ്വാഭാവികവുമായ ധാരാളം ചികിത്സാരീതികളുണ്ട്. ഇവയിൽ അതിസ്വാഭാവികമായ ഒരു ചികിത്സാരീതിയാണ് നമ്മുടെ പ്രതിപാദ്യവിഷയമായ അഭിമുഖീകരണാത്മകമായ പ്രാർത്ഥനാസമീപനമെന്നു പറയാം. ക്രൈസ്തവരക്ഷണീയദർശനത്തിൻെറ വെളിച്ചത്തിൽ മേല്പറഞ്ഞ ചികിത്സ നടത്തുന്നതു ദൈവത്തിൻെറ അരൂപിയായ പരിശുദ്ധാത്മാവാണ്. തൻെറ പിതാവായ ദൈവത്തിൽനിന്നു യേശുക്രിസ്തു, തന്നിൽ വിശ്വാസമർപ്പിക്കുന്നവർക്കായി അയച്ചുതരുന്ന ദാനവിശേഷമാണ് പരിശുദ്ധാ

ത്മാവ്. (യോഹ: 4: 16; ലൂക്കാ 24: 49). പരിശുദ്ധാത്മാവ് എവിടെ പ്രവർത്തിക്കുന്നുവോ, അവിടെ ദൈവം ജനിക്കുന്നു; അഥവാ മനുഷ്യർ ദൈവത്തിൻെറ മക്കളായിത്തീരുന്നു. കാരണം മനുഷ്യർക്ക് ദൈവത്തെ ആബാ, പിതാവേ, എന്നു വിളിക്കാനിട വരുത്തുന്ന പുത്രസ്വീകാര്യത്തിൻെറ അരൂപിയാണ് പരിശുദ്ധാത്മാവ്. (68 റോമ: 8: 15; ഗലാ: 4: 6) മനുഷ്യർക്കാർക്കും ഇറങ്ങിച്ചെല്ലുവാൻ കഴിയാത്ത, മനുഷ്യനിർമ്മിതമായ ചികിത്സാരീതികളെല്ലാം വഴിമുട്ടിനിൽക്കുന്ന മനുഷ്യമനസ്സിൻെറ അവബോധതലത്തിലേയ്ക്ക് പരിശുദ്ധാത്മാവു കടന്നു ചെല്ലുകയും അവിടെയുള്ള അസ്വസ്ഥതകളുടെ നാരുവേരുകളിൽ തൻെറ ദൈവികസ്പർശമേല്പിക്കയും ചെയ്യുമ്പോൾ അവിടെ മനുഷ്യനു സ്വാസ്ഥതയുണ്ടാകുന്നു. പ്രസ്തുത സ്വാസ്ഥത മനസ്സിൻെറ ഉപബോധതലത്തിലും ബോധതലത്തിലും, അനുഭവപ്പെടുകയും ചെയ്യുന്നു. ഇതാണ് അഭിമുഖീകരണാത്മകമായ പ്രാർത്ഥനയുടെ രക്ഷണീയ വിമോചനത്തിൻേറയും ദൈവസായുജ്യത്തിൻെറയും അനുഭവം. ഈദൃശമായ അനുഭവത്തിൻെറ പ്രധാനഘടകങ്ങളാണ് താഴെ കാണിച്ചിരിക്കുന്നത്.

## 1. രക്ഷണീയ നിശ്ശബ്ദത

ദൈവത്തെ അഭിമുഖീകരിക്കാനാഗ്രഹിക്കുന്ന ആത്മാവിൻെറ അടിസ്ഥാനപരമായ അനുഭവമാണ് ദൈവമൊഴികെ മറ്റെല്ലാത്തിലുംനിന്നുള്ള ഹൃദയനിശ്ശബ്ദത. ദർശനം, ശ്രവണം, ഘ്രാണം, സ്പർശനം, രസനം എന്നീ ബാഹ്യേന്ദ്രിയാനുഭവങ്ങളിൽനിന്ന് ആത്മാവിൻെറ ശ്രദ്ധമാറുന്നു. സ്മരണ, ഭാവന, രൂപീകരണം എന്നിങ്ങനെയുള്ള ആന്തരികേന്ദ്രിയങ്ങളുടെ പ്രവർത്തനങ്ങളും ശാന്തമാകുന്നു. ദൈവത്തെ അഭിമുഖീകരിക്കാനുള്ള ആത്മാർത്ഥമായ ആഗ്രഹമുണ്ടാകുന്തോറും മേല്പറഞ്ഞ എല്ലാവിധ പലവിചാരാനുഭവങ്ങളിൽനിന്നു ഹൃദയം നിശ്ശബ്ദമാകും. അഥവാ, നിശ്ശബ്ദമാക്കാൻ ആത്മാവു പരമാവധി പരിശ്രമിച്ചുകൊണ്ടിരിക്കും.

## 2. ദൈവസാന്നിദ്ധ്യാവബോധം

ദൈവമൊഴികെ മറ്റെല്ലാത്തിലുംനിന്നു ഹൃദയത്തെ ബാഹ്യവും ആന്തരികവുമായി നിശ്ശബ്ദമാക്കാൻ പരിശ്രമിക്കുന്ന

ആത്മാവിൽ ക്രമേണ ക്രമേണ സജീവമായിവരുന്ന അനുഭവമാണ് ദൈവസാന്നിദ്ധ്യാവബോധം. വാസ്തവം പറഞ്ഞാൽ ദൈവമൊഴികെ മററെല്ലാത്തിലുംനിന്നുള്ള രക്ഷണീയ നിസ്സംഗതയും ദൈവസാന്നിദ്ധ്യാവബോധത്തിന്റെ ഹൃദയേകാഗ്രതയും ഒരേ ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾപോലെയാണ്. ദൈവമൊഴികെ മററെല്ലാത്തിലുംനിന്നു ഹൃദയം നിസ്സംഗമാകുന്തോറും ദൈവസാന്നിദ്ധ്യാവബോധത്തിൽ ഹൃദയം സജീവമായിത്തീരും. ദൈവസാന്നിദ്ധ്യാവബോധത്തിൽ സജീവമായി നിലകൊള്ളുന്ന ഹൃദയേകാഗ്രതയാണ് മനുഷ്യനു ദൈവത്തിനു കാഴ്ചവയ്ക്കാവുന്ന ഏററവും വലിയ ഹൃദയസമർപ്പണം.

## 3. ദൈവപ്രസാദനത്തിനായുള്ള പ്രചോദനം

ദൈവമൊഴികെ മററെല്ലാത്തിലുംനിന്നുള്ള ഹൃദയ നിസ്സംഗതയിൽ, ദൈവസാന്നിദ്ധ്യാവബോധത്തിന്റെ ഹൃദയേകാഗ്രതയിൽ നിലനില്ക്കുന്ന ആത്മാവിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനംമൂലം രൂപമെടുക്കുന്ന അനുഭവമാണ് ദൈവത്തെ പ്രസാദിപ്പിക്കണമെന്നുള്ള പ്രചോദനം. മനസ്സിന്റെ അബോധതലത്തിൽ രൂപമെടുത്ത് ഉപബോധതലം കടന്നു ബോധതലത്തിൽ പ്രത്യക്ഷമാകുന്നതോടെ പ്രസ്തുത പ്രചോദനം ആത്മാവിന്റെ അടക്കാനാവാത്ത ശക്തിവിശേഷമായിത്തീരുന്നു. ദൈവതിരുമുൻപാകെ ധീരമായ തീരുമാനങ്ങളെടുക്കുവാൻ മനസ്സിനു പ്രേരണ ലഭിക്കുന്ന അമൂല്യ നിമിഷങ്ങളാണവ.

## 4. ജീവിത പരിവർത്തനാത്മകമായ പ്രതികരണങ്ങൾ

ദൈവത്തെ പ്രസാദിപ്പിക്കണമെന്നും അതിനായി ധീരമായ തീരുമാനങ്ങളെടുക്കണമെന്നും പ്രേരിപ്പിക്കപ്പെടുന്ന ആത്മാവിന്റെ ശ്രദ്ധ ആദ്യമായി തിരിയുന്നതു തന്റെ ജീവിതാനുഭവങ്ങളിലേക്കായിരിക്കും. ദൈവത്തിനു പ്രസാദകരമല്ലാത്തവയായി തന്റെ ജീവിതത്തിലുള്ള അനുഭവങ്ങളും സമീപനങ്ങളുമെല്ലാം ആത്മാവിന്റെ ഓർമ്മയിൽ വരും. അങ്ങനെയുള്ള അനുഭവങ്ങളിലും വിഷയങ്ങളിലും പരിവർത്തനമുണ്ടായാലേ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയുള്ളു എന്നുബോദ്ധ്യമാവും.

പ്രസ്തുത ബോദ്ധ്യത്തിന്റെ ഫലമായി ദൈവത്തിന്റെ പക്കലേയ്ക്കുയരുന്ന ഹൃദയരോദനങ്ങളാണ് ജീവിത പരിവത്തനാത്മകമായ പ്രകരണങ്ങൾ എന്നു വിശേഷിപ്പിച്ചിരിക്കുന്നത്.

മുകളിൽകാണിച്ചിട്ടുള്ള വിവിധ ഘടകങ്ങളുടെ വെളിച്ചത്തിൽ അഭിമുഖീകരണാത്മകമായ പ്രാത്ഥനയെ ഇപ്രകാരം നിർവ്വചിക്കാം. ദൈവമൊഴികെ മറെറല്ലാത്തിലുംനിന്നു ഹൃദയത്തെ നിശ്ശബ്ദമാക്കുകയും ദൈവസാന്നിദ്ധ്യാവബോധത്തിൽ ഹൃദയത്തെ ഏകാഗ്രമാക്കുകയും ചെയ്യുന്ന ആത്മാവിൽ, പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും ദൈവത്തിനു പ്രസാദകരമായവിധം തന്റെ ജീവിതത്തിൽ പരിവത്തനമുണ്ടാക്കുന്നതിനും ആവശ്യമായ ദൈവസഹായത്തിനായി ദൈവത്തിന്റെ പക്കലേയ്ക്കുയരുന്ന ആത്മാവിന്റെ ഹൃദയരോദനമാണ് അഭിമുഖീകരണാത്മകമായ പ്രാത്ഥന.

## 6. അഭിമുഖീകരണാത്മകമായ പ്രാർത്ഥനയുടെ പ്രായോഗികാഭ്യസനം

ദൈവത്തെ വ്യക്തിപരമായി അഭമുഖീകരിക്കുന്ന പ്രാർത്ഥനയുടെ പ്രായോഗികാഭ്യസനം കാരുണ്യവാനായ ദൈവം ഓരോരുത്തക്കും നൽകുന്ന അതിസ്വാഭാവികമായ ദാനവിശേഷമാണ്. ഈദൃശമായ ദാനവിശേഷത്തെ രക്ഷാകരമാക്കുന്നതിന് വ്യക്തിപരമായ ഒരു പ്രായോഗികശൈലി കണ്ടെത്തുവാൻ ഒരു പരിധിവരെ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്ന പൊതുവായ മാർഗ്ഗനിർദ്ദേശമായിട്ടു മാത്രമേ താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥനാരീതിയെ കരുതേണ്ടതുള്ളു.

1. **ആത്മാവിന്റെ ഒരുക്കം.** ദൈവത്തെ അഭിമുഖീകരിക്കുന്നതിനായി ഒരുങ്ങുന്ന ഈ നിമിഷത്തിൽ എന്റെ അനുദിന ജീവിതാനുഭവങ്ങളുടെ വെല്ലുവിളികളിൽ എന്റെ ഭാഗത്തു നിന്നുണ്ടാകുന്ന പ്രതികരണങ്ങളെപററി ഓക്കുമ്പോൾ എനിക്ക് അനുഭവപ്പെടുന്ന ഹൃദയവികാരങ്ങൾ ഏതെല്ലാം? സന്തോഷം? സമാധാനം? സംതൃപ്തി? മനോവിശ്വാസം? കൃതജ്ഞതാബോധം? പ്രതീക്ഷകൾ? ആഗ്രഹങ്ങൾ? ആവശ്യങ്ങൾ? .......അഥവാ അസ്വസ്ഥത? കുററബോധം? നഷ്ടബോധം? പരാജയബോധം? സങ്കടം? വിഷാദം? ....... ?

മേൽ കാണിച്ചിട്ടുള്ള വികാരങ്ങളോരോന്നിനെപ്പററിയും ഓത്ത് ആത്മപരിശോധന നടത്തുകയല്ലേ ഇവിടെ ഉദ്ദേശി ച്ചിരിക്കുന്നത്. ഓരോരുത്തരുടെയും ജീവിതത്തെ സംബന്ധി ക്കുന്ന പ്രധാനമായ ഒന്നോ രണ്ടോ വികാരങ്ങൾ ഓർമ്മ യിൽ വരുത്തുക എന്നുമാത്രമേയുള്ളു. അങ്ങനെയുള്ള ഓമ്മകൾ ആത്മാവിൽ താനേ വന്നുകൊള്ളും.

2. **ഹൃദയനിശ്ശബ്ദത.** മേൽപ്രസ്താവിച്ചിട്ടുള്ളവയായി എൻെറ ആത്മാവിൽ അനുഭവപ്പെടുന്ന ഹൃദയ വികാരങ്ങളിൽ ദൈവത്തിൻെറ രക്ഷാകരമായ പ്രവത്തനമുണ്ടാകുവാൻ സഹായകമാകത്തക്കവിധം എൻെറ ആത്മാവിൽ ദൈവമൊഴികെ മറെറല്ലാത്തിലുംനിന്നുള്ള ഹൃദയ നിശ്ശബ്ദത പാലിക്കുവാനുള്ള പരിശ്രമം ഞാൻ നടത്തണം. ബാഹ്യേന്ദ്രിയങ്ങളുടെയും ആന്തരികേന്ദ്രിയങ്ങളുടെയും (ഓമ്മ, ഭാവന, രൂപീകരണം) പ്രവത്തനങ്ങളെ നിശ്ശബ്ദമാക്കി ദൈവതിരുമുമ്പാകെ ഹൃദയ ഏകാഗ്രതപാലിക്കുന്നതിനുള്ള പരിശ്രമമാണ് അതു്.

3. **ദൈവസാന്നിദ്ധ്യ അവബോധം.** ദൈവമൊഴികെ മറെറല്ലാത്തിലുംനിന്നു് ഹൃദയത്തെ നിശ്ശബ്ദമാക്കാൻ പരിശ്രമിക്കുന്തോറും ദൈവസാന്നിദ്ധ്യത്തെപ്പററിയുള്ള അവബോധം കൂടുതൽക്കൂടുതലായി ആത്മാവിൽ അനുഭവപ്പെടും. അങ്ങനെ അനുഭവപ്പെടുന്ന ദൈവസാന്നിദ്ധ്യ അവബോധത്തിൽ ഹൃദയത്തെ ഏകാഗ്രമാക്കി നിറുത്തുവാനുള്ള പരിശ്രമം തുടരുക. ഹൃദയ ഏകാഗ്രതയ്ക്കു തടസ്സംവരുത്തുന്ന ബാഹ്യവും ആന്തരികവുമായ എല്ലാവിധ പല വിചാരാനുഭവങ്ങളിൽനിന്നും വിട്ടുമാറുന്നതിനും പരിശ്രമിച്ചുകൊണ്ടിരിക്കണം.

4. **ദൈവപ്രസാദത്തിനായുള്ള പ്രചോദനം.** ദൈവസാന്നിദ്ധ്യ അവബോധത്തിൻെറ ഹൃദയ ഏകാഗ്രത പാലിക്കുംതോറും ആത്മാവിൽ രൂപം പ്രാപിച്ചുവരുന്ന അനുഭവമാണ് ദൈവത്തെ പ്രസാദിപ്പിക്കണമെന്നുള്ള പ്രചോദനം. ദൈവമൊഴികെ മറെറല്ലാത്തിലുംനിന്നു് ഹൃദയം നിശ്ശബ്ദമാകുന്തോറും ദൈവത്തിൻെറ പക്കലേയ്ക്കു് ഉയരുന്ന ആത്മാവിൻെറ രക്ഷാകരമായ അനുഭവമാണ് അതു്. ഇങ്ങനെയുള്ള അനുഭവത്തിൽ ദൈവപ്രസാദത്തിനായുള്ള ആത്മാവിൻെറ ഹൃദയ ഏകാഗ്രത പാലിക്കാനുള്ള പരിശ്രമം തുടന്നുകൊണ്ടിരിക്കണം.

## 5, ജീവിത പരിവർത്തനാത്മകമായ പ്രകരണങ്ങൾ.

ദൈവത്തെ പ്രസാദിപ്പിക്കണമെന്നുള്ള പ്രചോദനം സജീവമാകുന്തോറും, എന്റെ ജീവിതാനുഭവങ്ങളുടെ വെല്ലുവിളികളിൽ ദൈവപ്രസാദത്തിനെതിരായി എന്റെ ഭാഗത്തുനിന്നു് ഉണ്ടാകുന്ന പ്രതികരണങ്ങരം ഓർമ്മയിൽ വരും. പ്രസ്തുത പ്രതികരണങ്ങരം ദൈവത്തെ പ്രസാദിപ്പിക്കത്തക്കവിധത്തിൽ ആക്കിത്തീർക്കണമെന്നുള്ള പ്രചോദനവും ആത്മാവിൽ അനുഭവപ്പെടും. അങ്ങനെയുള്ള നിമിഷങ്ങളിൽ ആത്മാവിൽ അനുഭവപ്പെടുന്ന ജീവിത പരിവർത്തനാത്മകമായ പ്രകരണങ്ങളെ ദൈവത്തിനു സമർപ്പിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുക. ദൈവസാന്നിദ്ധ്യ അവബോധത്തിന്റെ ഹൃദയഏകാഗ്രത പാലിക്കുവാൻ പരിശ്രമിക്കുന്ന ആത്മാവിന്റെ ആഴങ്ങളിൽ (''അബോധതലങ്ങളിൽ'') ദൈവത്തിന്റെ അരൂപിയായ പരിശുദ്ധാത്മാവു നടത്തുന്ന രക്ഷണീയ പരിചരണങ്ങളുടെ ഫലമായി ആത്മാവിൽനിന്നു ദൈവത്തിന്റെ പക്കലേയ്ക്കുയരുന്ന ഹൃദയരോദനങ്ങളാണവ. വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ ഭാഷയിൽ, 'ആത്മാവു് (ദൈവത്തിന്റെ അരൂപിയായ പരിശുദ്ധത്മാവ്) നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു് നമുക്കറിഞ്ഞുകൂടാ. എന്നാൽ അവാച്യമായ നെടുവീർപ്പുകളാൽ (ഹൃദയത്തിന്റെ രോദനങ്ങളാൽ) ആത്മാവുതന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു' (റോമ: 8:26)

എന്റെ ഹൃദയത്തിന്റെ നിശ്ശബ്ദതയിൽ
എന്റെ ദൈവത്തിന്റെ സന്നിധിയിൽ

ദൈവത്തെ വ്യക്തിപരമായി അഭിമുഖീകരിക്കുന്ന പ്രാർത്ഥനാനുഭവം എത്രമാത്രം രക്ഷാകരമാകുന്നു എന്നറിയുന്നതു് പ്രാർത്ഥനാസമയത്തിനുശേഷം നമ്മുടെ അനുദിന ജീവിതാനുഭവങ്ങളുടെ വെല്ലുവിളികളിൽ നമ്മുടെ ഭാഗത്തുനിന്നുണ്ടാകുന്ന പ്രതികരണങ്ങളെ എപ്രകാരം കൈകാര്യം ചെയ്യുവാൻ കഴിയുന്നു എന്നതിനെ ആസ്പദമാക്കിയാണ്. അങ്ങനെയുള്ള അവസരങ്ങളിൽ നമുക്കുണ്ടാകുന്ന ജയങ്ങളും പരാജയങ്ങളുമായി വീണ്ടും ദൈവത്തെ അഭിമുഖീകരിക്കുന്നതിനുള്ള തീരുമാനം എടുക്കേണ്ടതും പ്രസ്തുത അനുഭവങ്ങളിൽ നിന്നാണ്. ഇങ്ങനെ പ്രാർത്ഥന ജീവിതവും ജീവിതം പ്രാർത്ഥനയുമായി ബന്ധപ്പെടും. ഇതാണ് ജീവിതസൗഭാഗ്യം കൈവരുത്തുന്നതിനുള്ള രക്ഷാകര സമീപനം.

രണ്ട്

# സുവിശേഷാത്മകമായ ദൈവാഭിമുഖീകരണ സൗഭാഗ്യം

# 1. സുവിശേഷവിവരണങ്ങളുടെ ഉറവിടം, ഉദ്ദേശ്യം, രചനാരീതി

സുവിശേഷവിവരണങ്ങൾ ദൈവാഭിമുഖീകരണത്തിന്റെ അനുഭവ കഥകളാണ്. അവയിൽ നിറഞ്ഞു നിൽക്കുന്ന ഒരു വ്യക്തിവിശേഷത്തെ കാണാവുന്നതാണ് — ദൈവ പുത്രനും ലോകരക്ഷകനുമായ യേശുക്രിസ്തുവിന്റെ വ്യക്തി വിശേഷം. പ്രസ്തുത വ്യക്തിവിശേഷത്തെ നേരിൽ അഭിമുഖീകരിക്കാനിട വന്നവർ തങ്ങളുടെ അനുഭവകഥാകഥനത്തിനു ഇപ്രകാരം ആമുഖം എഴുതി. ''ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൾ കൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൾകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പററി ഞങ്ങൾ അറിയിക്കുന്നു. ജീവൻ പ്രത്യക്ഷമായി. ഞങ്ങൾ അതു കണ്ടു; അതിനു സാക്ഷ്യം നല്കുകയും ചെയ്യുന്നു. പിതാവിനോടുകൂടെ ആയിരുന്നതും ഞങ്ങൾക്കു പ്രത്യക്ഷപ്പെട്ടതുമായ നിത്യജീവനെക്കുറിച്ച് നിങ്ങളോടു് ഞങ്ങൾ പ്രഖ്യാപിക്കുന്നു. ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതു് നിങ്ങളെയും അറിയിക്കുന്നു, ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മ ഉണ്ടാകുന്നതിനാണു് ഞങ്ങൾ ഇതു പ്രഖ്യാപിക്കുന്നതു്. ഞങ്ങളുടെ കൂട്ടായ്മ ആകട്ടെ, പിതാവിനോടും അവിടത്തെ പുത്രനായ യേശു ക്രിസ്തുവിനോടും ആകുന്നു. ഞങ്ങൾ ഇതു് എഴുതുന്നത് ഞങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനാണു്. (1 യോഹ: 1: 1-4)

സുവിശേഷവിവരണങ്ങളുടെ ഉറവിടം, ഉദ്ദേശ്യം, രചനാരീതി എന്നിവയെപ്പററി ആധികാരികവും അടിസ്ഥാനപരവുമായ സാക്ഷീകരണങ്ങൾ മേലുദ്ധരിച്ച ആമുഖ പ്രസ്താവനയിൽ കണ്ടെത്താൻ കഴിയും.

1. **ഉറവിടം.** സുവിശേഷവിവരണങ്ങളുടെ ഉറവിടം, ഒരു കാലത്ത് ഏതാനും മനുഷ്യ വ്യക്തികൾക്ക് ദൈവപുത്രനും ലോക രക്ഷകനുമായ യേശുക്രിസ്തുവിനെ നേരിൽ അഭിമുഖീകരിക്കാൻ ഇടവന്നതിന്റെ ഫലമായി അവർക്ക് യേശുക്രിസ്തുവിനോടും യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തോടും അനുഭവപ്പെട്ട കൂട്ടായ്മയുടെ ഹൃദയസൗഭാഗ്യം അഥവാ സന്തോഷമായിരുന്നു. ''ആദിമുതൽ തന്നെ വചനത്തിന്റെ ദൃക്സാക്ഷി

കളും ശുശ്രൂഷകരും ആയിരുന്നവ''രുടെ അനുഭവമായിരുന്നു മുൻപറഞ്ഞ ഹൃദയസൗഭാഗ്യം. (ലൂക്കാ: 1:2) സ്വന്തം അനുഭവത്തെ സാക്ഷ്യപ്പെടുത്തിക്കൊണ്ടു് വി. പത്രോസ് എഴുതുന്നു: നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ ശക്തിയെയും പ്രത്യാഗമനത്തെയും കുറിച്ചു് ഞങ്ങൾ നിങ്ങളെ അറിയിച്ചതു് ബുദ്ധിപൂർവ്വം മെനഞ്ഞെടുത്ത കല്പിത കഥകളെ വിശ്വസിച്ചതുകൊണ്ടല്ല; മറിച്ചു്; ഞങ്ങൾ അവൻെറ ശക്തിപ്രാഭവത്തിൻെറ ദൃക് സാക്ഷികളായതുകൊണ്ടാണ് (2. പത്രോ 1:16). സുവിശേഷകനായ യോഹന്നാൻ തൻെറ വിവരണത്തിൻെറ ആധികാരികതയെ സ്ഥാപിച്ചുകൊണ്ടു നടത്തുന്ന പ്രസ്താവനയും സുവിശേഷവിവരണങ്ങൾ എപ്രകാരം യേശുക്രിസ്തുവിനെ അഭിമുഖീകരിക്കാൻ ഇടവന്ന വ്യക്തികളുടെ അനുഭവകഥകളാണെന്നു് വിശേഷിപ്പിക്കുവാൻ പററിയ ഉദാഹരണമാണ്: ''പടയാളികളിൽ ഒരുവൻ അവൻെറ പാർശ്വത്തിൽ കുന്തം കൊണ്ടു കുത്തി. ഉടൻ തന്നെ അതിൽനിന്നു് രക്തവും വെള്ളവും പുറപ്പെട്ടു. അതുകണ്ട ആൾ തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.'' (യോഹ: 19: 34-35)

2) **ഉദ്ദേശ്യം.** സുവിശേഷവിവരണങ്ങളുടെ ഉറവിടമായി ചൂണ്ടിക്കാണിക്കുന്ന ഹൃദയസൗഭാഗ്യം എല്ലാവരുമായി പങ്കുവയ്ക്കണമെന്നതും അങ്ങനെ അവക്കും യേശുക്രിസ്തുവിനെ വിശ്വാസംവഴി അഭിമുഖീകരിക്കാനും യേശുക്രിസ്തുവിൻെറ പിതാവായ ദൈവത്തോടും കൂട്ടായ്മയുടെ അനുഭവം ഉണ്ടാകുവാനും ഇടവരണമെന്നതുമായിരുന്നു സുവിശേഷവിവരണകർത്താക്കളുടെ രക്ഷാകരമായ ഉദ്ദേശ്യം. വി. യോഹന്നാൻ തൻെറ സുവിശേഷത്തിനു നല്കുന്ന പ്രസ്താവനയും പ്രസ്തുത ഉദ്ദേശ്യത്തെ സൂചിപ്പിച്ചുകൊണ്ടുള്ളതാണ്. ''ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മററനേകം അടയാളങ്ങളും യേശു ശിഷ്യരുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തിച്ചു. എന്നാൽ ഇവതന്നെയും എഴുതപ്പെട്ടിരിക്കുന്നതു യേശു ദൈവപുത്രനായ ക്രിസ്തു ആണെന്നു് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്കു് അവൻെറ നാമത്തിൽ ജീവനുണ്ടാകുന്നതിനും വേണ്ടിയാണ്.

**രചനാരൂപം:** രക്ഷാകരമായ പ്രസ്തുത ഉദ്ദേശ്യം യാഥാർത്ഥ്യവത്കരിക്കത്തക്കവിധം രൂപം പ്രാപിച്ചിട്ടുള്ളതാണു് സുവിശേഷവിവരണങ്ങളുടെ സവിശേഷമായ സാഹിത്യസ്വഭാവം.

അവക്കുണ്ടായ മേൽക്കൂട്ടായ്മയുടെ അനുഭവം അതേപടി പകർത്തിയെടുത്തു് അതുപോലെ മററുള്ളവർക്കു പകർന്നു കൊടുക്കുന്നതിനായി അവർ കണ്ടുപിടിച്ച രക്ഷണീയ മാധ്യമമാണു് സുവിശേഷവിവരണങ്ങൾ. ലോകചരിത്രത്തിൽ ഒരു കാലത്തു് ഏതാനും പേക്കുണ്ടായ അനുഭവത്തിലേയ്ക്കു് മററുള്ളവരെ ആനയിച്ചു് മേൽപ്പറഞ്ഞ അനുഭവം സ്വന്തമാക്കുവാൻ ആഹ്വാനം ചെയ്യുന്ന ചരിത്രപരമായ വിവരണം എന്നതിനെക്കാൾ അവക്കുണ്ടായ അനുഭവം മററുള്ളവരിലേയ്ക്കു് ആവഹിച്ചു് അവരോരുത്തരുടെയും സ്വന്തമാക്കി തീക്കുവാൻ ആഹ്വാനം ചെയ്യുന്ന രക്ഷണീയ മാധ്യമമാണു് സുവിശേഷ വിവരണങ്ങൾ. ഇതാണു് സുവിശേഷ വിവരണങ്ങളെ മററു ചരിത്രവിവരണങ്ങളിൽ നിന്നു് വ്യതിരിക്തമാക്കുന്ന സാഹിത്യ സവിശേഷത.

നിലവിലുള്ള നാലു സുവിശേഷ വിവരണങ്ങളുടെയും അടിസ്ഥാനഘടകങ്ങൾ എന്നു കരുതപ്പെടുന്ന മൂല പാരമ്പര്യങ്ങളിലാണു് മേല്പറഞ്ഞ സാഹിത്യ രൂപസവിശേഷത ഏററവും കൂടുതൽ പ്രകടമായി കാണപ്പെടുന്നതു്. ഇതിൻെറ വിശദാംശങ്ങളിലേയ്ക്കു കടക്കുന്നതിനു മുൻപായി നിലവിലുള്ള നാലു സുവിശേഷവിവരണങ്ങളെപ്പററി പ്രസക്തമായ ചില കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടതാണു്.

## 2. നിലവിലുള്ള നാലു സുവിശേഷ വിവരണങ്ങൾ

വാമൊഴിയായും വരമൊഴിയായും കൈമാറിപ്പോന്നിരുന്ന സുവിശേഷ പാരമ്പര്യങ്ങൾ ശേഖരിച്ചു് ക്രമീകരിച്ചു് ഉചിതമായ മാററങ്ങൾ വരുത്തി സംവിധാനം ചെയ്യപ്പെട്ടിട്ടുള്ള വി. മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നിവരുടെ പേരിൽ അറിയപ്പെടുന്ന ഔദ്യോഗിക സുവിശേഷ വിവരണങ്ങൾ A.D. 60 നും 80 നും ഇടയ്ക്കായി, നിലവിലുള്ള രൂപം പ്രാപിച്ചു എന്നു് സാമാന്യമായി കരുതപ്പെടുന്നു.

സുവിശേഷ പാരമ്പര്യങ്ങൾ ശേഖരിക്കുന്നതിലും രൂപഭേദങ്ങൾ വരുത്തുന്നതിലും ക്രമീകരിച്ചു സംവിധാനം ചെയ്യുന്നതിലും ഓരോ സുവിശേഷകനും പ്രത്യേകമായ ലക്ഷ്യം ഉണ്ടായിരുന്നു എന്നു് സ്പഷ്ടമാണു്. പൊതുവായി പറഞ്ഞാൽ യേശു

ക്രിസ്തുവിനെ സംബന്ധിക്കുന്ന രക്ഷണീയ രഹസ്യങ്ങളെ ചൂണ്ടിക്കാണിക്കുക എന്നതിലാണ് വി. മർക്കോസ് പ്രധാനമായും ശ്രദ്ധിച്ചിരിക്കുന്നതു്. വി. മത്തായിയുടെ ശ്രദ്ധ പ്രത്യേകമായും തിരിഞ്ഞിരിക്കുന്നതു് യേശുക്രിസ്തുവിനെ സംബന്ധിക്കുന്ന പ്രബോധനങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനാലാണ്. വി. ലൂക്കാ ശ്രദ്ധിച്ചിരിക്കുന്നതു് യേശുക്രിസ്തുവിനെ സംബന്ധിക്കുന്ന രക്ഷണീയ രഹസ്യങ്ങളെയും രക്ഷണീയ പ്രബോധനങ്ങളെയും ദൈവപരിപാലനാനുസരണമായ ക്രമീകരണത്തിൽ ചൂണ്ടിക്കാണിക്കുന്നതിലാണ്. വിശുദ്ധ യോഹന്നാൻെറ സമീപനമാകട്ടെ, സമാന്തര സുവിശേഷകന്മാർ അവതരിപ്പിച്ചിരിക്കുന്ന യേശുക്രിസ്തുവിനെ അഭിമുഖീകരിച്ച് രക്ഷണീയ അനുഭവം കൈവരുത്തുന്നതിനു് ആഹ്വാനം ചെയ്യുന്നതിലാണ്. ഇങ്ങനെയുള്ള വ്യത്യസ്തസമീപനങ്ങൾ അവർ ശേഖരിച്ച ക്രമീകരിച്ചിട്ടുള്ള സുവിശേഷ പാരമ്പര്യങ്ങളിലും അവയോരോന്നിലും തൻെറ പ്രത്യേക ലക്ഷ്യപ്രാപ്തിക്കനുസരണമായി വരുത്തിയിട്ടുള്ള രൂപഭേദങ്ങളിലും പ്രകടമാക്കിയിട്ടുള്ളതായി കാണാം. ഇങ്ങനെയൊക്കെയാണെങ്കിലും ഓരോ സുവിശേഷകനോ താൻ ശേഖരിച്ച് തൻെറ പ്രത്യേക രചനാലക്ഷ്യത്തിനനുസരണമായി രൂപവ്യത്യാസം നടത്തി സംവിധാനം ചെയ്തിട്ടുള്ള യാതൊരു പാരമ്പര്യമൂലകത്തിലും അതിൻെറ പരമ്പരാഗതമായ അഭിമുഖീകരണാത്മകതയിൽ മങ്ങലേല്പിച്ചിട്ടില്ല. മാത്രമല്ല തങ്ങളോരോരുത്തരുടെ പരസ്പരപൂരകങ്ങളായ രചനാസമീപനത്തിൻെറ വെളിച്ചത്തിൽ സുവിശേഷ പാരമ്പര്യമൂലകങ്ങളുടെ പരമ്പരാഗതമായ അഭിമുഖീകരണാത്മകതയിൽ നാനാത്വം പകന്നുകൊണ്ടു് അവയെ പരിപുഷ്ടവും സമകാലീനവുമാക്കുകയും ചെയ്തിട്ടുള്ളതായി കാണാം. ഇതിനു സഹായകമാണ് സുവിശേഷവിവരണങ്ങളുടെ ത്രിമാനസ്വഭാവത്തെപ്പററിയുള്ള പഠനം.

## 3. സുവിശേഷ വിവരണങ്ങളുടെ ത്രിമാനസ്വഭാവം

ഒരു വസ്തുവിൻെറ പൂർണ്ണമായ രൂപം മനസിലാക്കണമെങ്കിൽ അതിൻെറ രേഖാമാനം, വിസ്തീർണ്ണതാമാനം, ഘനമാനം, (നീളം, വീതി, പൊക്കം) എന്നിവ അറിഞ്ഞിരി

ക്കണം. അതുപോലെതന്നെ : സുവിശേഷവിവരണങ്ങളുടെ പൂർണ്ണമായ സാഹിത്യരൂപം മനസിലാകണമെങ്കിൽ അതിന്റെ മൂന്നുമാനങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. ആശയവിനിമയ മാനം, അഭിമുഖീകരണമാനം എന്നിവയാണ് പ്രസ്തുത മാനങ്ങൾ.

## 1. ആശയവിനിമയമാനം

സുവിശേഷ വിവരണങ്ങളോരോന്നും അവയുടെ കേന്ദ്രബിന്ദുവായ യേശുക്രിസ്തുവിനെ അധികരിച്ച് രൂപംകൊണ്ടിട്ടുള്ളവയാണ്. ഒന്നുകിൽ അവ യേശുക്രിസ്തുവിന്റെ വാക്കുകൾ, പ്രവർത്തനങ്ങൾ, പ്രതികരണങ്ങൾ എന്നിവ വിവരിക്കുന്നു. അല്ലെങ്കിൽ അവ യേശുക്രിസ്തുവിനോടുള്ള മററുള്ളവരുടെ വാക്കുകൾ പ്രവർത്തനങ്ങൾ, പ്രതികരണങ്ങൾ എന്നിവയായിരിക്കും വിവരിക്കുക. കൂടാതെയും യേശുക്രിസ്തുവിനെ വിഷയമാക്കിയുള്ള മററുള്ളവരുടെ വാക്കുകൾ, പ്രവർത്തനങ്ങൾ, പ്രതികരണങ്ങൾ എന്നിവയും കാണാം. ഇങ്ങനെയുള്ള വിവരണങ്ങൾ ലോകചരിത്രത്തിൽ ഒരു പ്രത്യേകകാലത്ത്, പ്രത്യേകസ്ഥലത്ത്, പ്രത്യേക ജനതയുടെ ഇടയിൽ അവരുടെ ദേശീയവും സാമൂഹികവും രാഷ്ട്രീയവും ഭാഷാപരവും സാംസ്കാരികവും മതപരവുമായ സാഹചര്യങ്ങളോടിടപഴകി രൂപം പ്രാപിച്ചിട്ടുള്ളവയാണ്. സുവിശേഷ വിവരണങ്ങളിലൂടെ വിനിമയം ചെയ്യപ്പെടുന്ന ആശയം എന്താണെന്ന് മനസ്സിലാക്കണമെങ്കിൽ പ്രസ്തുത വിവരണങ്ങളെ മുൻപറഞ്ഞ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ പരിശോധിച്ച് നോക്കേണ്ടിയിരിക്കുന്നു. സ്ഥലകാലചരിത്ര പശ്ചാത്തലബന്ധമായ പ്രസ്തുത സവിശേഷതയെയാണ് സുവിശേഷവിവരണങ്ങളുടെ ആശയവിനിമയമാനം എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. സയുക്തികമായ നിരൂപണവലയത്തിൽ സാമാന്യം ഒതുക്കിനിർത്താമെന്ന സവിശേഷത എന്ന നിലയിൽ ഇതിനെ നിരൂപണമാനമെന്നും വിശേഷിപ്പിക്കാം.

സുവിശേഷവിവരണങ്ങളിലൂടെ വിനിമയം ചെയ്യപ്പെടുന്ന ആശയം എന്താണെന്നു മനസിലാക്കുവാൻ സഹായകമായ ധാരാളം നിരൂപണസമീപനങ്ങൾ നിലവിലുണ്ട്. പാഠ്യനിരൂപണം, ഭാഷാനിരൂപണം, സാഹിത്യനിരൂപണം, മൂലനി

രൂപണം, ചരിത്രനിരൂപണം, രൂപനിരൂപണം, രചനാനിരൂപണം, ഘടനാവിശകലനം എന്നിങ്ങനെയുള്ള സമീപനങ്ങൾ സുവിശേഷവിവരണങ്ങളുടെ ആശയവിനിമയമാനത്തിൽ പ്രധാനമായി ശ്രദ്ധ ചെലുത്തുന്നവയാണ്.

നിലവിലുള്ള നാലു സുവിശേഷവിവരണങ്ങളുടെയും അടിസ്ഥാന വിവരണങ്ങൾ എന്നു് കരുതപ്പെടുന്ന സുവിശേഷ പാരമ്പര്യങ്ങൾ, അവയെ ശേഖരിക്കുന്നതിലും, ക്രമീകരിച്ചു സംവിധാനം ചെയ്തിരിക്കുന്നതിലും, അവയിൽ രൂപഭേദങ്ങൾ വരുത്തിയിരിക്കുന്നതിലും മററും ഓരോ സുവിശേഷകനും ഉണ്ടായിരുന്നതായി കാണുന്ന പ്രത്യേക ലക്ഷ്യം എന്നിവയെ സംബന്ധിച്ചു് സാമാന്യം സ്വീകാര്യങ്ങളായ ധാരാളം നിഗമനങ്ങൾ മേൽപ്പറഞ്ഞ നിരൂപണസമീപനങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്.

## 2. രക്ഷണീയസന്ദേശമാനം

കേവലം മനുഷ്യനിർമ്മിതമായ ഏതൊരു വിവരണത്തിൽ നിന്നും അടിസ്ഥാനപരമായി വ്യത്യസ്തങ്ങളാകത്തക്കവിധം സുവിശേഷ വിവരണങ്ങൾ ലോകരക്ഷകനായ യേശുക്രിസ്തുവിനെ സംബന്ധിക്കുന്ന രക്ഷണീയരഹസ്യങ്ങളുടെയും രക്ഷണീയ പ്രബോധനങ്ങളുടെയും ദൈവനിവേശിത വിവരണങ്ങളാണ്. യേശുക്രിസ്തുവിലുള്ള അതിസ്വാഭാവികമായ വിശ്വാസമാണ് ക്രൈസ്തവ രക്ഷണീയ ദർശനത്തിൻെറ അടിസ്ഥാനം. സുവിശേഷ വിവരണങ്ങൾ പ്രസ്തുത വിശ്വാസത്തിൻെറ ഹൃദസ്പന്ദനങ്ങളും. മേൽ പ്രസ്താവിച്ച ക്രൈസ്തവരക്ഷണീയ ദർശനത്തിൻെറ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ സുവിശേഷ വിവരണങ്ങളോരോന്നും അവയുടെ സ്ഥലകാലചരിത്രപശ്ചാത്തലബന്ധമായ ആശയവിനിമയമാനത്തിനു് അതീതമായി എല്ലാ മനുഷ്യർക്കും എല്ലാ കാലത്തേയ്ക്കുമായി നല്കപ്പെട്ടിരിക്കുന്ന രക്ഷണീയസന്ദേശങ്ങൾ ഉൾക്കൊള്ളുന്നവയായി മനസ്സിലാക്കാം. ദൈവശാസ്ത്രപരമായ പ്രസ്തുത സവിശേഷതയെയാണ് സുവിശേഷ വിവരണങ്ങളുടെ ശാശ്വതവും സാർവ്വത്രികവുമായ രക്ഷണീയസന്ദേശമാനം അഥവാ ദൈവശാസ്ത്രമാനം എന്നു വിശേഷിപ്പിച്ചിരിക്കുന്നതു്.

സുവിശേഷ വിവരണങ്ങളിലൂടെ നല്കപ്പെടുന്ന രക്ഷണീയ രഹസ്യങ്ങളെയും രക്ഷണീയ പ്രബോധനങ്ങളെയും രക്ഷാകര മാക്കുന്നതിനാവശ്യമായ വിശ്വാസത്തിന്റെയും വിശ്വാസാധി ഷ്ഠിതമായ ദൈവശാസ്ത്രദർശനത്തിന്റെയും സ്വഭാവമനുസരി ച്ച് സുവിശേഷവിവരണങ്ങളുടെ രക്ഷണീയസന്ദേശമാന സംബന്ധമായ നിരൂപണസമീപനങ്ങളെ ക്രൈസ്തവ നിരൂ പണ സമീപനങ്ങൾ, ക്രൈസ്തവേതര നിരൂപണസമീപന ങ്ങൾ, അക്രൈസ്തവനിരൂപണസമീപനങ്ങൾ എന്നെല്ലാം തരംതിരിക്കാവുന്നതാണ്. ക്രൈസ്തവ നിരൂപണ സമീപന ങ്ങൾ തന്നെയും വിവിധ വിഭാഗീയനിരൂപണസമീപനങ്ങ ളായി തരംതിരിക്കാവുന്നതാണ്.

## 3. ദൈവാഭിമുഖീകരണമാനം

സുവിശേഷ വിവരണങ്ങൾ യേശുക്രിസ്തുവിനെ നേരിൽ അഭിമുഖീകരിക്കാനിട വന്നവർ യേശുക്രിസ്തുവിനോടും യേശു ക്രിസ്തുവിന്റെ പിതാവായ ദൈവത്തോടുമുണ്ടായ കൂട്ടായ്മയുടെ അനുഭവകഥകളാണെന്നു പറയുകയുണ്ടായി. ആശയ വിനി മയമാനത്തിലൂടെ പ്രഖ്യാപനം ചെയ്യപ്പെടുകയും രക്ഷണീയ സന്ദേശമാനത്തിലൂടെ എല്ലാക്കാലത്തും എല്ലവർക്കും സംലഭ്യമാക്ക പ്പെടുകയും ചെയ്യുന്ന പ്രസ്തുത അനുഭവകഥകൾ കാലാകാലങ്ങ ളിൽ ഓരോരുത്തരും വിശ്വാസംമൂലം സ്വാംശീകരിച്ച് ഓരോരു ത്തരുടെയും അനുഭവകഥകളാക്കി തീർക്കുന്ന രക്ഷാകര സവിശേ ഷതയെയാണ് സുവിശേഷവിവരണങ്ങളുടെ ദൈവാഭിമുഖീ കരണമാനമെന്നു വിശേഷിപ്പിച്ചിരിക്കുന്നത്. അങ്ങനെ സ്വാംശീകരിക്കപ്പെടുമ്പോഴാണ് സുവിശേഷവിവരണങ്ങളുടെ രക്ഷണീയോദ്ദേശ്യം ഓരോരുത്തരിലും സഫലമാകുക. ദൈവാ ഭിമുഖീകരണത്തിനിടയാക്കുന്ന സവിശേഷതയെന്ന നിലയിൽ ഇതിനെ പ്രാർത്ഥനാമാനമെന്നു വിശേഷിപ്പിക്കാം.

പ്രസ്തുത മാനത്തിലൂടെ പരിശോധിക്കുമ്പോൾ സുവി ശേഷ വിവരണങ്ങൾ തലമുറ തലമുറയായി മനുഷ്യ ഹൃദയങ്ങ ളിൽ അനുസ്യൂതം എഴുതപ്പെട്ടുകൊണ്ടിരിക്കുന്ന രക്ഷണീയാനുഭവ കഥകളായി രൂപാന്തരം പ്രാപിക്കുന്നു എന്നു പറയാം. ഇങ്ങനെ യുള്ള രക്ഷണീയ നാടകത്തിൽ സുവിശേഷ വിവരണങ്ങളിലെ

ഗലീലിയ, സമറിയാ, യൂദയാ എന്നിങ്ങനെയുള്ള ഭൂപ്രദേശങ്ങളും നസ്രസ്, കഫർണാം, ബദ്സയിദ, കേസരിയാ ഫിലിപ്പി, ജറിക്കോ, ബഥനീ, ഓറുശ്ലം മുതലായ പട്ടണങ്ങളും ഗ്രാമങ്ങളും ഗലീലി കടലോരം (മത്താ:4:18), യോർദ്ദാൻ നദീതടം (മക്കോ:1:13) സമരിയായ്ക്കും ഗലീലിയ്ക്കും മദ്ധ്യേയുള്ള അതിർത്തി പ്രദേശം (ലൂക്കാ:17:11) ഓർശ്ലത്തെ ബദ്സയിദാ എന്ന കളിസ്ഥലം (യോഹ:5:2) യാക്കോബിൻെറ കിണററിൻ കര (യോഹ 4:6), ഓറുശ്ലത്തുനിന്നു ജറീക്കോയിലേയ്ക്കുള്ള വഴി (ലൂക്കാ:10:30), എമ്മാവൂസ്സിലെ വഴിയമ്പലം: (ലൂക്കാ:24: 28–32) മുതലായ രംഗസംവിധാനങ്ങളും എല്ലാക്കാലത്തും മനുഷ്യക്ക് അവരോരോരുത്തരുടെയും ജീവിതസാഹചര്യങ്ങളിൽ യേശുക്രിസ്തുവിനെ അഭിമുഖീകരിക്കാനിട വരുത്തുന്ന രക്ഷണീയ സങ്കേത സ്ഥാനങ്ങളായി മാറുന്നു.

സുവിശേഷവിവരണങ്ങളിലെ കരുടനും, കുഷ്ഠരോഗിയും, ഊമനും, ചെകിടനും, തളർവാതരോഗിയും പിശാചുബാധിതനും ഇതുപോലെതന്നെ ഏഴു പിശാചുക്കളിൽ നിന്നു യേശു മോചനം നല്കിയ മഗ്ദലേന മറിയം (ലൂക്കാ 8:2; മക്കോ 16:9) യേശുവിനു് അതിഥിശുശ്രൂഷ നല്കിയ സഹോദരികളായ മർത്ത, മറിയം (ലൂക്കാ 10: 42) യേശുവിനെ ഒരു നോക്കു കാണുവാൻ മരത്തിൽ കയറി കാത്തിരുന്ന സക്കേവൂസ് (ലൂക്കാ:19: 1-10), യേശുവിൻെറ പക്കൽ നിന്നു വിഷാദമൂകനായി മടങ്ങി പോകാനിടവന്ന ധനികനായ യുവാവ് (മത്താ 19:15-22; മക്കോ. 10:17-22; ലൂക്കാ: 10:18-23), രാത്രിയിൽ യേശുവിനെ സമീപിച്ച നിക്കാദേമൂസ് (യോഹ: 3.1-2), എമ്മാവൂസ്സിലേയ്ക്കുള്ള യാത്രാമദ്ധ്യേ ഹൃദയം ജ്വലിക്കുവാനിടവന്ന ശിഷ്യന്മാർ (ലൂക്കാ: 24:32) മുതലായവരെല്ലാം രക്ഷാചരിത്ര പരിപാലനയിൽ ലോകരക്ഷകനായ യേശുക്രിസ്തുവിനെ അഭിമുഖീകരിക്കാനിരിക്കുന്ന മനുഷ്യാത്മാക്കളുടെ പ്രതിനിധികളും പൂർവസൂചനകളുമായി മാറുന്നു.

''ഇന്നു് ഈ ഭവനത്തിനു രക്ഷകൈവന്നിരിക്കുന്നു'' (ലൂക്കാ :19:9). ''അല്പവിശ്വാസീ, നീ എന്തിനു സംശയിച്ചു''. (മത്താ: 14:31) ''നിനക്കു കാഴ്ചയുണ്ടാകട്ടെ. നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു'' (ലൂക്കാ: 18:42) ''കർത്താവേ,

എന്നിൽ നിന്നകന്നുപോകണമെ. ഞാൻ പാപിയായ മനുഷ്യ നാണ്." (ലൂക്കാ; 5:8) "കർത്താവേ, ഞങ്ങൾ ആരുടെ പക്കൽ പോകും? നിത്യ ജീവൻെറ വചനങ്ങൾ അങ്ങയുടെ പക്കലു ണ്ടല്ലോ" (യോഹ: 6:68) എന്നിങ്ങനെയുള്ള സുവിശേഷവാ ക്യങ്ങൾ ഒരുപക്ഷേ, ബൈബിൾ വിജ്ഞാനീയത്തിലെ കേവല നിരൂപണങ്ങൾക്കതീതമായി ദൈവവും മനുഷ്യനു മായി നടന്നുകൊണ്ടിരിക്കുന്ന വ്യക്തിപരമായ രക്ഷണീയ സം ഭാഷണത്തിൻെറ അഥവാ, ദൈവാഭിമുഖീകരണാത്മകമായ പ്രാത്ഥനാനുഭവത്തിൻെറ സജീവഭാഗങ്ങളായിത്തീരുന്നു.

വേറെ വാക്കുകളിൽ പറഞ്ഞാൽ സുവിശേഷവിവരണ ങ്ങൾ യേശുക്രിസ്തുവിനെ മനുഷ്യഹൃദയങ്ങളിലേയ്ക്കു നടത്തിയടു പ്പിക്കുകയും, യേശുക്രിസ്തുവിൻെറ ഹൃദയസ്പന്ദനങ്ങൾ മനുഷ്യ ഹൃദയങ്ങളിൽ പ്രതിധ്വനിപ്പിക്കുകയും ഓരോരുത്തരുടെയും ജീ വിതാനുഭവങ്ങളോടനുബന്ധിച്ച ദൈവാഭിമുഖീകരണാനുഭവ ത്തിൻെറ കഥ ആവത്തിക്കുകയും ചെയ്യുന്ന രക്ഷണീയ സംവി ധാനങ്ങളായി മാറുന്നു.

## 4. സുവിശേഷാത്മകമായ ദൈവാഭിമുഖീകരണരംഗങ്ങൾ

സുവിശേഷവിവരണങ്ങളിലൂടെ യേശുക്രിസ്തുവിനെ അഭി മുഖീകരിക്കാനും, യേശുക്രിസ്തുവിൻെറ പിതാവായ ദൈവ ത്തോടുള്ള കൂട്ടായ്മയുടെ ഹൃദയസൗഭാഗ്യം അനുഭവിക്കാനും ഇടവരുത്തുന്ന രംഗങ്ങളെയാണ് സുവിശേഷാത്മകമായ ദൈ വാഭിമുഖീകരണരംഗങ്ങൾ എന്നു വിശേഷിപ്പിച്ചിരിക്കുന്നതു്. സുവിശേഷപാരമ്പര്യങ്ങളുടെ പ്രഭവസ്ഥാനത്തു് ഒരിക്കൽ ഏ താനുംപേരുടെ അനുഭവമായിരുന്ന പ്രസ്തുത ദൈവാഭിമുഖീ കരണം കാലാകാലങ്ങളിൽ മനുഷ്യവ്യക്തികൾ ഒരോരുത്തരു ടെയും അനുഭവമാക്കിത്തീക്കുന്ന രക്ഷണീയനാടകത്തിലെ ക ലാവേദികളാണവ. എഴുതപ്പെട്ടുകഴിഞ്ഞിരിക്കുന്ന സുവിശേഷ വിവരണങ്ങൾ (The written Gospels), എഴുതപ്പെട്ടുകൊണ്ടിരിക്കു ന്ന സുവിശേഷങ്ങൾക്കായി (The Gospels that are being written) വഴിമാറിത്തരുന്ന രചനാവേദികളും ഇവതന്നെ.

സുവിശേഷവിവരണങ്ങളിൽ കാണുന്ന ദൈവാഭിമുഖീകര ണരംഗങ്ങളെ താഴെക്കാണുംവിധം ഒൻപതായി തരംതിരിക്കാം,

**ഒന്ന്: തൻെറ വാക്കുകളിലൂടെ യേശു തന്നെത്തന്നെ ആവിഷ്കരിക്കുന്ന രംഗങ്ങൾ.** ഇങ്ങനെയുള്ള വാക്കുകൾ യേശുവിൻെറ ആത്മാവിഷ്കരണ പ്രസ്താവനക ളിലും യേശുവിൻെറ പ്രബോധനവാക്യങ്ങളിലും യേശു പറ ഞ്ഞ ഉപമകളിലും യേശുവിൻെറ സുവിശേഷശുശ്രൂഷയെ സംബന്ധിക്കുന്ന വിവരണങ്ങളിലും കാണാവുന്നതാണ്. ''ഞാനും എൻെറ പിതാവും ഒന്നാകുന്നു.'' (യോഹ 10 : 30). ''ഞാൻ ലോകത്തിൻെറ പ്രകാശമാകുന്നു'' (യോഹ 8 : 12), ''എന്നെ അയച്ചവൻെറ ഇഷ്ടം പ്രവർത്തിക്കുകയും അവൻെറ ജോലി പൂർത്തിയാക്കുകയുമാണ് എൻെറ ഭക്ഷണം'' (യോഹ 4 : 34), ഇങ്ങനെയുള്ളവയാണ് യേശുവിൻെറ ആത്മാവിഷ് കാരപ്രസ്താവനകൾ. ''നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. ഉപ്പ് ഉറകെട്ടുപോയാൽ അതിന് എങ്ങനെ വീണ്ടും ഉറകൂട്ടും ?'' (മത്താ 5 : 13) ''ആരെങ്കിലും എൻെറ പിന്നാലെ വരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തൻെറ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ.'' (മാർക്കോ 8 : 34) എന്നിങ്ങനെയുള്ളവ യേശുവിൻെറ പ്രബോധനവാ ക്യങ്ങളാണ്. ''ചെവിയുള്ളവൻ കേൾക്കട്ടെ'' (മത്താ 13 : 9), ''അതുപോലെതന്നെ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് ദൈവത്തിൻെറ മാലാഖമാരുടെ മുൻപിൽ സന്തോഷമുണ്ടാകു മെന്ന് ഞാൻ നിങ്ങളോട് പറയുന്നു'' (ലൂക്കാ 15 : 10) ഇങ്ങ നെയുള്ളവയാണ് യേശു തൻെറ ഉപമകളോട് അനുബന്ധി ച്ച പറഞ്ഞിട്ടുള്ള വാക്കുകൾ. ''എനിക്കു മനസ്സുണ്ട്, നിനക്കു ശുദ്ധിയുണ്ടാകട്ടെ'' (മത്താ 8 : 2), ''അല്പവിശ്വാസികളേ, നി ങ്ങൾ എന്തിനു ഭയപ്പെടുന്നു'' (മത്താ 8 : 26) എന്നിങ്ങനെയു ള്ളവാക്യങ്ങൾ യേശുവിൻെറ സുവിശേഷ ശുശ്രൂഷയോട് അ നുബന്ധിച്ച് പറഞ്ഞിട്ടുള്ള ആത്മാവിഷ്കരണപ്രസ്താവന കൾക്കു ഉദാഹരണങ്ങളാണ്.

**രണ്ട്: തൻെറ പ്രവർത്തനങ്ങളിലൂടെ യേശു സ്വയം വെളിപ്പെടുത്തുന്ന രംഗങ്ങൾ.** യേശു ശതാധി പൻെറ ഭൃത്യനെ സുഖപ്പെടുത്തുന്നത് (ലൂക്കാ 7: 1–10), നായീം

പട്ടണത്തിലെ വിധവയുടെ മകനെ പുനർജ്ജീവിപ്പിക്കുന്നത് (ലൂക്കാ 7: 11-17) രക്തസ്രാവമുള്ള സ്ത്രീയെ സുഖപ്പെടുത്തുന്നതു് (മർക്കോ 5: 25-34) ഇങ്ങനെയുള്ളവ യേശു സ്വയം വെളിപ്പെടുത്തുന്ന രംഗങ്ങളാണ്.

**മൂന്ന്: തൻെറ വിവിധങ്ങളായ പ്രതികരണങ്ങളിലൂടെ യേശു സ്വയം ആവിഷ്കരിക്കുന്ന രംഗങ്ങൾ.** ''അവരുടെ വിശ്വാസരാഹിത്യത്തെക്കുറിച്ച് അവൻ വിസ്മയിച്ചു'' (മർക്കോ 6:6) അവരുടെ ഹൃദയകാഠിന്യത്തിൽ ദുഃഖിച്ച് അവരുടെനേരെ കോപത്തോടെ നോക്കി' (മർക്കോ 3:5) 'ഇതു് (ശിശുക്കളെ തൻെറ അടുക്കൽ കൊണ്ടുവരുന്നതിനെപ്പററി ശിഷ്യന്മാർ ശകാരിക്കുന്നത്) കണ്ടപ്പോൾ യേശു കോപിച്ചു: (മർക്കോ 10: 14) 'അവരുടെമേൽ (ജനക്കൂട്ടത്തിൻെറമേൽ) അവന് അനുകമ്പതോന്നി' (മത്താ 14:14) ഇങ്ങനെയുള്ള രംഗങ്ങൾ യേശുവിൻെറ വികാരപ്രകടനങ്ങൾക്ക് ഉദാഹരണങ്ങളാണ്.

**നാല്: മററുള്ളവർ യേശുവിനോട് നേരിട്ടു പറയുന്ന വാക്കുകളെ ചൂണ്ടികാണിക്കുന്ന രംഗങ്ങൾ.** 'കർത്താവേ, പിതാവിനെ ഞങ്ങൾക്കുകാണിച്ചുതരിക. ഞങ്ങൾക്ക് അതുമതി' (യോഹ 14: 8) 'കർത്താവേ രക്ഷിക്കണേ! ഞങ്ങൾ നശിച്ചു പോകുന്നു.' (മത്താ 8:25) 'നീയൊരു സമറിറിയാക്കാരനാണെന്നും നിന്നിൽ പിശാചുണ്ടെന്നു്ഞങ്ങൾ പറയുന്നതും ശരിയല്ലേ'? (യോഹ 8: 48) യഹൂദർ പറഞ്ഞു; ഏതെങ്കിലും നല്ല പ്രവൃത്തികൾക്കല്ല, ദൈവദൂഷണത്തിനാണ് ഞങ്ങൾ നിന്നെ കല്ലെറിയുന്നത്. കാരണം മനുഷ്യനായിരിക്കേ, നീ നിന്നെത്തന്നെ ദൈവമാക്കുന്നു' (യോഹ 10: 33) ഇങ്ങനെ അനുകൂലങ്ങളോ പ്രതികൂലങ്ങളോ ആയി മറുള്ളവർ യേശുവിനോടു പറയുന്നവാക്കുകൾ നമുക്കു യേശുവിനെ അഭിമുഖികരിക്കുവാൻ ഇടവരുത്തുന്ന രംഗസംവിധാനങ്ങളാണ്.

**അഞ്ച്: യേശുവിനോട് നേരിട്ടുള്ള മററുള്ളവരുടെ പ്രവർത്തനങ്ങളെ ചൂണ്ടിക്കാണിക്കുന്ന രംഗങ്ങൾ.** ''തൽക്ഷണം അവർ വഞ്ചിയുപേക്ഷിച്ച്'', പിതാവിനെയുംവിട്ട് അവനെ അനുഗമിച്ചു.' (മത്താ 4: 22), അവ

രിൽ ഒരാം, (പത്തുകുഷ്ഠരോഗികളിൽ ഒരാം) താൻ രോഗവിമുക്തനായി എന്നുകണ്ട് വലിയ സ്വരത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് തിരിച്ചുവന്നു. അയാം യേശുവിൻെറ കാൽക്കൽ സാഷ്ടാംഗം പ്രണമിച്ച് നന്ദിപറഞ്ഞു.'' (ലൂക്കാ 17: 15–16) ഇങ്ങനെയുള്ളവ അനുകൂലങ്ങളായ പ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങളാണ്. 'അവർ അവനെ ആ പട്ടണത്തിൽനിന്ന് പുറത്താക്കുകയും തങ്ങളുടെ പട്ടണം സ്ഥിതിചെയ്തിരുന്ന മലയുടെ ശൃംഗത്തിൽനിന്നു താഴേക്കു തള്ളിയിടാനായികൊണ്ടുപോവുകയും ചെയ്തു' (ലൂക്കാ 4: 29), 'അപ്പോൾ അവർ അവനെ (യേശുവിനെ) എറിയാൻകല്ലുകളെടുത്തു'(യോഹ 8:59)ഇങ്ങനെയുള്ളവയാണ് പ്രതികൂലപ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങൾ.

**ആറ് : യേശുവിനോടുള്ള മററുള്ളവരുടെ വികാരപരമായ പ്രതികരണങ്ങളെ ചൂണ്ടികാണിക്കുന്ന രംഗങ്ങൾ.** അവനെ (യേശുവിനെ)ക്കണ്ടയുടനെ ജനക്കൂട്ടം മുഴുവൻ വിസ്മയഭരിതരായി ഓടിക്കൂടി അവനെ അഭിവാദനം ചെയ്തു.' (മർക്കോ 9:15),എല്ലാവരും അവനെപ്പററി പ്രശംസിച്ചുപറയുകയും,അവൻെറ നാവിൽനിന്നു പുറപ്പെട്ട മനോഹരമായ വാക്കുകൾക്ക്കേട്ട് അത്ഭുതപ്പെടുകയുംചെയ്തു' (ലൂക്കാ 4: 22) 'അവർ (യേശുവിൻെറ ശിഷ്യന്മാർ) ഭയപ്പെട്ടു വിറച്ചു. ഒരു ഭൂതത്തെയാണ് കാണുന്നത് എന്ന് അവർ വിചാരിച്ചു.' (ലൂക്കാ 24 37) ഇങ്ങനെയുള്ള വിവരണങ്ങൾ യേശുവിനോടുള്ള മററുള്ളവരുടെ വികാരപ്രകടനങ്ങൾക്ക് ഉദാഹരണങ്ങളാണ്.

**ഏഴ്: യേശുവിനെ വിഷയമാക്കിയുള്ള മററുള്ളവരുടെ വാക്കുകൾ** ''മുമ്പൊരിക്കൽ യേശുവിൻെറ അടുക്കൽ പോയവനും അവരിൽ ഒരുവനുമായ നിക്കൊദേമൂസ് അപ്പോൾ അവരോടു ചോദിച്ചു: 'ഒരു മനുഷ്യനു പറയാനുള്ളത് ആദ്യം കേൾക്കാതെയും അവൻ എന്താണു ചെയ്യുന്നതെന്ന് അറിയാതെയും അവനെ വിധിക്കുവാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ''? (യോഹ 7: 50–51), ''പീലാത്തോസ് പ്രധാന പുരോഹിതന്മാരോടും ജനക്കൂട്ടത്തോടും പറഞ്ഞു: ഞാൻ ഈ മനുഷ്യനിൽ (യേശുവിൽ) ഒരു കുററവും കാണുന്നില്ല'' (ലൂക്കാ 23:4), ''അപ്പോൾ പ്രധാന പുരോഹിതന്മാരും ഫരിസേയരും ആലോചന സംഘം വിളിച്ചുകൂട്ടി പറഞ്ഞു: നാം എന്താണു ചെയ്യേ

ണ്ടതു്? ഈ മനുഷ്യൻ വളരെയധികം അടയാളങ്ങൾ പ്രവർത്തിക്കുന്നല്ലോ. അവനെ നാം ഇങ്ങനെ വിട്ടാൽ എല്ലാവരും അവനിൽ വിശ്വസിക്കും. അപ്പോൾ റോമാക്കാർ വന്നു് നമ്മുടെ വിശുദ്ധ സ്ഥലവും രാജ്യവും നശിപ്പിക്കും'' (യോഹ11:47–48). ഇങ്ങനെയുള്ളവയാണു് യേശുവിനെ വിഷയമാക്കിയുള്ള മററുള്ളവരുടെ അനുകൂലമോ പ്രതികൂലമോ ആയ വാക്കുകൾക്കു് ഉദാഹരണങ്ങൾ.

**എട്ടു്: യേശുവിനെ വിഷയമാക്കിയുള്ള മററുള്ളവരുടെ പ്രവർത്തനങ്ങളെ വിവരിക്കുന്ന രംഗങ്ങൾ.**

''അയാൾ (പിശാചു ബാധയിൽനിന്നു് സുഖം പ്രാപിച്ചവൻ) പോയി, യേശു തനിക്കുവേണ്ടി എന്തെല്ലാം ചെയ്തെന്നു് ദെക്കാപ്പോളിസിൽ പ്രഖ്യാപിക്കുവാൻ തുടങ്ങി'' (മർക്കോ 5:20), ''അപ്പോൾ പന്ത്രണ്ടു പേരിൽ ഒരുവനായ യൂദാസ് സ്കറിയോത്താ പ്രധാന പുരോഹിതന്മാരുടെ അടുത്തുചെന്നു് ചോദിച്ചു: ഞാൻ അവനെ നിങ്ങൾക്കു് ഏല്പിച്ചു തന്നാൽ നിങ്ങൾ എനിക്കു് എന്തു തരും? അവർ അവനു് മുപ്പതു വെള്ളി നാണയങ്ങൾ വാഗ്ദാനം ചെയ്തു. ആ സമയം മുതൽ അയാൾ അവനെ ഒററിക്കൊടുക്കാൻ അവസരം അന്വേഷിച്ചുകൊണ്ടിരുന്നു'' (മത്താ 26:14–16), എന്നിങ്ങനെയുള്ളവയാണ് യേശുവിനു് അനുകൂലമായും പ്രതികൂലമായും മററുള്ളവരുടെ ഭാഗത്തുനിന്നു് ഉണ്ടായിട്ടുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾക്കു് ഉദാഹരണങ്ങൾ.

**ഒൻപതു്: യേശുവിനെ വിഷയമാക്കിയുള്ള മററുള്ളവരുടെ പ്രതികരണങ്ങളെ വിവരിക്കുന്ന ഭാഗങ്ങൾ** ''ആ സ്ത്രീയാകട്ടെ (സമറിയാക്കാരി) കുടം അവിടെ വച്ചിട്ടു്, പട്ടണത്തിലേക്കു പോയി, ആളുകളോടു പറഞ്ഞു: ഞാൻ ചെയ്ത കാര്യങ്ങളെല്ലാം എന്നോടു പറഞ്ഞ ഒരു മനുഷ്യനെ നിങ്ങൾ വന്നു കാണുവിൻ. ഇവൻതന്നെയായിരിക്കുമോ ക്രിസ്തു? അവർ പട്ടണത്തിൽ നിന്നു പുറപ്പെട്ടു് അവൻെറ അടുത്തു വന്നു. (യോഹ 4:28–30), ''അവനെക്കണ്ടപ്പോൾ (മുൾക്കിരീടവും ചെമന്ന മേലങ്കിയും ധരിച്ച യേശുവിനെ കണ്ടപ്പോൾ) പ്രധാന പുരോഹിതന്മാരും സേവകരും വിളിച്ചു പറഞ്ഞു: അവനെ ക്രൂശിക്കുക! അവനെ ക്രൂശിക്കുക:'' (യോഹ 19.6), ഇങ്ങനെയുള്ളവയാണു് യേശുവിനെ വിഷയമാക്കി മററുള്ളവരുടെ ഭാഗത്തു

നിന്നു് ഉണ്ടായ പ്രതികരണങ്ങളെ ചൂണ്ടിക്കാണിക്കുന്ന രംഗങ്ങൾക്കു് ഉദാഹരണങ്ങൾ.

മുകളിൽ കാണിച്ചിട്ടുള്ള വിധം സുവിശേഷ വിവരണങ്ങളെ ഒൻപതു തരത്തിൽപ്പെട്ട അഭിമുഖീകരണ രംഗങ്ങളായി പൊതുവേ തരംതിരിക്കാമെങ്കിലും ഓരോ സുവിശേഷകൻെറയും പ്രത്യേകം പ്രത്യേകമായ രചനാസമീപനത്തിൻെറയും ദൈവശാസ്ത്രവീക്ഷണത്തിൻെറയും ഫലമായി ഒരേ ഒരു രംഗം തന്നെ അവതരിപ്പിച്ചിരിക്കുന്നതിൽ വ്യത്യാസം വന്നിരിക്കുന്നതായി കാണാവുന്നതാണ്. ഉദാഹരണമായി നസ്രസ്സിലെ സിനഗോഗിൽ യേശു സുവിശേഷ പ്രസംഗം നടത്തിയ അവസരത്തിൽ തൻെറ നാട്ടുകാർ തന്നിൽ വിശ്വസിക്കാതിരുന്നതായി കണ്ടപ്പോൾ യേശുവിൻെറ പ്രതികരണം വിശുദ്ധ മർക്കോസ് വിവരിച്ചിരിക്കുന്നതു് ഇപ്രകാരമാണ് ''കുറെ രോഗികളുടെമേൽ കൈകൾവച്ചു് സുഖപ്പെടുത്തുവാനേ അവനു കഴിഞ്ഞുള്ളു. മററു് അദ്ഭുതമൊന്നും അവിടെ ചെയ്യാൻ അവനു സാധിച്ചില്ല. അവരുടെ വിശ്വാസരാഹിത്യത്തെക്കുറിച്ചു് അവർ വിസ്മയിച്ചു. (മർക്കോ 6:5–5), വിശുദ്ധ മത്തായിയുടെ വിവരണത്തിൽ മേലുദ്ധരിച്ച പ്രതികരണം ഇപ്രകാരം മയപ്പെടുത്തപ്പെട്ടിരിക്കുന്നതായി കാണാം. ''അവരുടെ (തൻെറ സ്വന്തം നാട്ടുകാരുടെ) അവിശ്വാസം നിമിത്തം അവൻ അവിടെ അധികം അദ്ഭുതങ്ങൾ പ്രവർത്തിച്ചില്ല'' (മത്താ 13:58) വിശുദ്ധ ലൂക്കായുടെ വിവരണത്തിലാകട്ടെ യേശുവിൻെറ പ്രതികരണങ്ങളെപ്പററി വിവാദമുയർത്തിയേക്കാവുന്ന പ്രസ്താവനകൾ കാണുന്നുമില്ല. (ലൂക്കാ 4:16–30)

ഇങ്ങനെയുള്ള അവതരണവ്യത്യാസങ്ങൾ സുവിശേഷ വിവരണങ്ങളിലെല്ലാംതന്നെ കൂടുതൽ, കുറവായി കാണാവുന്നതാണ്. കേവല ചരിത്ര നിരൂപകന്മാരെ ഒരു പക്ഷേ, അമ്പരപ്പിച്ചേക്കാവുന്ന പ്രസ്തുത വ്യത്യാസങ്ങൾ സുവിശേഷ വിവരണങ്ങളുടെ ആശയ വിനിമയ മാനത്തിലൂടെയും രക്ഷണീയ സന്ദേശമാനത്തിലൂടെയും (വിമർശനമാനം, ദൈവശാസ്ത്രമാനം എന്നിവയിലൂടെ) പരിശോധിക്കുമ്പോൾ മുൻപു പറഞ്ഞ വ്യത്യാസങ്ങൾ, സുവിശേഷ കഥാനായകനായ ക്രിസ്തുവിനെ ഓരോരുത്തർക്കും അവരവരുടെ ജീവിത സാഹചര്യങ്ങളിൽ വ്യക്തിപരമായി അഭിമുഖീകരിക്കാൻ ഇടവരുത്തുന്ന പശ്ചാത്തല സ

ജ്ജീകരണങ്ങളുടെ വ്യത്യാസങ്ങൾ മാത്രമാണെന്നു മനസ്സിലാകും. ഇങ്ങനെയുള്ള പശ്ചാത്തല അവതരണങ്ങളിൽനിന്നു പോലും ഹൃദയം നിശബ്ദമാകുംതോറുമേ നാമോരോരുത്തരുടെ ജീവിതപശ്ചാത്തലത്തിൽ യേശുവിൻെറ സാന്നിദ്ധ്യാവബോധം കൂടുതൽ കൂടുതലായി തെളിഞ്ഞു വരുന്നതിനും യേശുവുമായി ജീവിത പരിവർത്തനാത്മകമായ ഹൃദയഭാഷണം നടത്തുന്നതിനും ഇടവരികയുള്ളു.

## മൂന്ന്

# സുവിശേഷസൗഭാഗ്യത്തിന്റെ വഴിവിളക്കുകൾ

സുവിശേഷ വിവരണങ്ങളിൽനിന്നു തിരഞ്ഞെടുത്തിട്ടുള്ള ഏതാനും ഉദ്ധരണികളാണ് താഴെക്കൊടുത്തിരിക്കുന്നത് ഇവയിലോരോന്നിലും, ഓരോരുത്തർക്കും അവരവരുടെ വിവിധങ്ങളായ ജീവിതസാഹചര്യങ്ങളിൽ യേശുവിനെ വ്യക്തിപരമായി അഭിമുഖീകരിക്കാനുതകുന്ന ധാരാളം രംഗങ്ങൾ കാണാം. ഒരു പ്രത്യേകരംഗത്തിലേക്കു ശ്രദ്ധതിരിക്കുവാൻ സഹായകമാകുമെന്നു കരുതുന്ന അവതരണവാക്യം ഓരോ ഉദ്ധരണിയോടുമനുബന്ധിച്ചുകൊടുത്തിട്ടുണ്ട്.

ഓരോരുത്തർക്കും ആവശ്യകമോ, ആകർഷകമോ ആയി തോന്നുന്ന ഒരു രംഗം തിരഞ്ഞെടുക്കുക. ആ രംഗത്തിലൂടെ അവതരിപ്പിക്കപ്പെടുന്ന യേശുവിൽ ആത്മാവിനെ ശ്രദ്ധകേന്ദ്രീകരിക്കുക. യേശുവിൽ ശ്രദ്ധകേന്ദ്രീകരിക്കുന്തോറും ബാഹ്യമോ, ആന്തരികമോ ആയ ലോകങ്ങളിൽ നിന്നും ശ്രദ്ധമാറി ഹൃദയം നിശ്ശബ്ദമായി വരുന്നതായി അനുഭവപ്പെടും. നാം തിരഞ്ഞെടുത്തിരിക്കുന്ന രംഗത്തെ സംബന്ധിക്കുന്ന നിരൂപണപരമോ, ദൈവശാസ്ത്രപരമോ ആയ മാനങ്ങളിൽനിന്നുപോലും ശ്രദ്ധമാററണം. അപ്പോഴാണ് യേശുവിൻെറ സാന്നിദ്ധ്യത്തെപ്പററിയുള്ള അവബോധം ആത്മാവിൽ സജീവമാവുക. ഇങ്ങനെ സുവിശേഷരംഗമുൾപ്പെടെ മററെല്ലാ ലോകങ്ങളും നമ്മിൽനിന്നുമാറി, നാമും യേശുവും മാത്രമുള്ള ലോകം നമുക്കനുഭവപ്പെടും. ഇതാണ് രക്ഷണീയനിമിഷങ്ങളുടെ ലോകം. യേശുവുമായി കണ്ണിടയുന്ന നിമിഷങ്ങൾ(ലൂക്ക 22:61) യേശുവിൻെറ സ്വരം കേൾക്കുന്ന നിമിഷങ്ങൾ (യോഹ 10:16) യേശുവുമായി സഹവസിക്കാൻ കൊതിക്കുന്ന നിമിഷങ്ങൾ (യോഹ 1:38) യേശുവിൻെറ പാദങ്ങളിൽവീണ് ''റബ്ബോനി'' എന്നു വിളിക്കാൻ തോന്നുന്ന നിമിഷങ്ങൾ (യോഹ 20:10), ''എൻെറ കർത്താവേ, എൻെറ ദൈവമേ'' എന്ന് വിശ്വാസം ഏററു പറയുവാൻ തോന്നുന്ന നിമിഷങ്ങൾ (യോഹ 20:28).

ഇങ്ങനെയുള്ള പാവന നിമിഷങ്ങളിലാണ് ആത്മാവിൻെറ ആഴങ്ങളിൽ യേശുവിൻെറ അരൂപിയായ പരിശുദ്ധാത്മാവിൻെറ പ്രവർത്തനം നടക്കുന്നതും തത്ഫലമായി ജീവിത പരിവർത്തനാത്മകമായ തീരുമാനങ്ങൾ രൂപപ്പെടുന്നതും. കേപ്പായുടെ കരച്ചിലും (ലൂക്ക 22:62) സക്കേവൂസിൻെറ രക്ഷാകര തീരുമാനങ്ങളും (ലൂക്കാ 9:8), ധൂർത്തപുത്രൻെറ പിതൃവേനസ്സ

രണയും (ലൂക്കാ 15:18) ഒളിച്ചോടിപ്പോയ ശിഷ്യന്മാരുടെ തിരിച്ചുവരവും (ലൂക്ക 24:33) എല്ലാം ഓരോരുത്തരുടെയും ജീവിതത്തിൽ യാഥാർത്ഥ്യവത്കരിക്കപ്പെടുന്നു. അങ്ങനെ ക്രിസ്തീയ രക്ഷാദർശനത്തിൻെറ സൗഭാഗ്യം ഈ ലോകത്തിൽവച്ചുതന്നെ നമുക്കനുഭവപ്പെടുകയും ചെയ്യുന്നു. ഈ സൗഭാഗ്യത്തിൻെറ പൂർണ്ണതയിലേക്ക് നമ്മെ നയിക്കുന്ന വഴിവിളക്കുകളാകട്ടെ താഴെ കൊടുത്തിരിക്കുന്ന ഉദ്ധരണികൾ.

1 തൻെറ പിതാവിൻെറ ഭവനത്തിലായിരിക്കേണ്ട തന്നെ, തൻെറ മാതാവിൻെറ ഹൃദയവേദനയും അവകാശവാദങ്ങളും മാടിവിളിച്ചപ്പോൾ യേശുവിൻെറ ഹൃദയാവിഷ്കാരം:

'അവൻ അവരോടു ചോദിച്ചു; നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിക്കുന്നത്? ഞാൻ എൻെറ പിതാവിൻെറ കാര്യങ്ങളിൽ വ്യാപൃതനായിരിക്കുക ആവശ്യമാണ് എന്നുനിങ്ങൾ അറിയുന്നില്ലേ?' (ലൂക്കാ 2: 40)

2 തൻെറ ദൈവികാധികാരം തൻെറ പിതാവിൻെറ രക്ഷണീയപരിപാലനയ്ക്കു നിരക്കാത്തവിധം ഉപയോഗിച്ചു കല്ലുകൾ അപ്പമായി മാററി വിശപ്പടക്കാൻ പ്രേരണയുണ്ടായപ്പോൾ യേശുനടത്തിയ ഹൃദയാവിഷ്കാരം:

''മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല, ദൈവത്തിൻെറ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്എന്നു എഴുതപ്പെട്ടിരിക്കുന്നു'' (മത്താ 4:4).

3 തന്നെപ്പററി വിശുദ്ധലിഖിതങ്ങളിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്ന ദൈവപരിപാലനയെ മാനുഷിക മുഖാന്തരങ്ങളുടെ പേരിൽ പരീക്ഷിക്കുവാൻ പ്രേരിപ്പിക്കപ്പെട്ടപ്പോൾ യേശു നടത്തിയ ഹൃദയാവിഷ്കാരം.

യേശുപറഞ്ഞു 'നിൻെറ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്' എന്നു് എഴുതപ്പെട്ടിരിക്കുന്നു. (ലൂക്കാ 4: 12)

4 ലൗകിക പ്രതാപങ്ങളുടെപേരിൽ ലോകത്തിൻെറ അത്യ ന്തികവിധേയനാകുവാൻ പ്രേരണയുണ്ടായപ്പോൾ യേശു നടത്തിയ ഹൃദയാവിഷ്ക്കാരം:

'നിൻെറ ദൈവമായ കർത്താവിനെ നീ ആരാധിക്കണം അവനെ മാത്രമേ നീ പൂജിക്കാവൂ'എന്നു് എഴുതപ്പെട്ടിരി ക്കുന്നു' (ലൂക്കാ 4: 8)

5 യേശുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു് രക്ഷക മുന്നോടി യായ സ്നാപകയോഹന്നാൻെറ സാക്ഷീകരണം:

'യേശു തൻെറ അടുക്കലേക്കു വരുന്നതുകണ്ടു് അവൻ (സ്നാപകയോഹന്നാൻ) പറഞ്ഞു: 'ഇതാ ലോകത്തിൻെറ പാപം നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാടു്'.
(യോഹ 1:29)

6 സുവിശേഷ സൗഭാഗ്യം ഔദോഗികമായി പ്രഖ്യാപനം ചെയ്ത യേശുവിൻെറ ഹൃദയാവിഷ്ക്കാരം:

'യോഹന്നാൻ ബന്ധനസ്ഥനായപ്പോൾ യേശു ദൈവ ത്തിൻെറ സുവിശേഷം പ്രസംഗിച്ചുകൊണ്ടു് ഗലീലിയി ലെക്കു വന്നു. അവൻപറഞ്ഞു: സമയം പൂർത്തിയായി, ദൈ വരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവി ശേഷത്തിൽ വിശ്വസിക്കുവിൻ' (മർക്കോ 1: 14 15)

7 സുവിശേഷശുശ്രൂഷയുടെ രൂപരേഖ ഔദ്യോഗികമായ പ്രഖ്യാപനംചെയ്ത യേശുവിൻെറ ഹൃദയാവിഷ്ക്കാരം:

'പുസ്തകം തുറന്നപ്പോൾ ഇപ്രകാരം എഴുതിയിരിക്കുന്ന ഭാഗം അവൻ കണ്ടു: കർത്താവിൻെറ ആത്മാവു് എൻെറ മേൽ ഉണ്ടു്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർ ക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവൻ എന്നെ അറിയിച്ചിരിക്കുന്നു, പുസ്തകം അടച്ച് ശുശ്രൂഷകനെ ഏല്പിച്ച് അവൻ അവ

രോട്ട് പറയുവാൻ തുടങ്ങി.നിങ്ങൾ കേട്ടിരിക്കെത്തന്നെ ഈ തിരുവെഴുത്ത് നിറവേറിററിയിരിക്കുന്നു.'
(ലൂക്ക 4:17-10)

8 യേശുവിനെ ആദ്യമായി കണ്ടുമുട്ടുകയും യേശുവിനോടുകൂടെ വസിക്കാനിടയാകുകയുംചെയ്ത ശിഷ്യന്മാരുടെ ഡയറിക്കുറിപ്പ്.

'റബ്ബീ (ഗുരു എന്നാണ് ഇതിനർത്ഥം) അങ്ങ് എവിടെയാണ് താമസിക്കുന്നതു്?. അവൻ വസിക്കുന്നിടം കാണുകയും അന്ന് അവനോടുകൂടി താമസിക്കുകയും ചെയ്തു'
(യോഹ 1:38-39)

9 പാപികളോട്ടും പരിത്യക്തരോടുമുള്ള യേശുവിൻെറ ഹൃദയകാരുണ്യം:

'ഫരിസേയർ ഇതുകണ്ടപ്പോൾ ശിഷ്യന്മാരോട ചോദിച്ചു: നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടുംകൂടെ ഭക്ഷിക്കുന്നതെന്തു്?'' ഇതുകേട്ട് അവൻപറഞ്ഞു: 'ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യൻെറ ആവശ്യം. 'ഞാൻ ബലിയല്ല, കരുണയാണ് ആഗ്രഹിക്കുന്നതു് എന്നതിൻെറ അർത്ഥം നിങ്ങൾ പോയി പഠിക്കുക.'

10 മനുഷ്യരുടെ അവശതകളിൽ പങ്കുചേരുന്ന യേശുവിൻെറ സുവിശേഷ ശുശ്രൂഷാസമീപനം:

'സായാഹ്നമായപ്പോൾ അനേകം പിശാചുബാധിതരെ അവർ അവൻെറയടുക്കൽകൊണ്ടുവന്നു. അവൻ വചനംകൊണ്ട് അശുദ്ധാത്മക്കളെ പുറത്താക്കുകയും എല്ലാരോഗികളെയും സുഖപ്പെടുത്തുകയും ചെയ്തു. അങ്ങനെ അവൻ നമ്മുടെ ബലഹീനതകൾ ഏറ്റെടുക്കുകയും രോഗങ്ങൾ വഹിക്കുകയും ചെയ്തു എന്ന് ഏശയ്യാ പ്രവചിച്ചതു് നിറവേറി'.
(മത്താ 3:16-17)

11 താനുമായി അഭിമുഖസംഭാഷണം നടത്തിയ തത്താനിയേലിനു യേശു വാഗ്ദാനം ചെയ്ത ഹൃദയ സൗഭാഗ്യം:

''യേശു പറഞ്ഞു: അത്തിമരച്ചുവട്ടിൽ നിന്നെ കണ്ടു എന്നു ഞാൻ പറഞ്ഞതുകൊണ്ട് നീ എന്നിൽവിശ്വസിക്കുന്നു,

അല്ലേ? എന്നാൽ ഇതിനെക്കാഠം വലിയ കാര്യങ്ങഠം നീ കാണും. അവൻ തുടൎന്നു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, സ്വൎഗ്ഗം തുറക്കപ്പെടുന്നതും ദൈവദൂതന്മാർ കയറിപ്പോകുന്നതും മനുഷ്യപുത്രൻെറമേൽ ഇറങ്ങിവരുന്നതും നിങ്ങഠം കാണും'' (യോഹ 1:50–51)

12 കൂടാരത്തിരുനാളിൻെറ അവസരത്തിൽ ഓറുശ്ലേമിലേക്കുപോയി അദ്ഭുതങ്ങഠം പ്രവൎത്തിച്ച ലോകത്തിൻെറ മുമ്പാകെ പ്രസിദ്ധി നേടുവാൻ തൻെറ സഹോദരങ്ങഠം തന്നെ പ്രേരിപ്പിച്ചപ്പോഠം തൻെറ പിതാവിൻെറ ''സമയം'' എപ്പോഴും മുമ്പിൽകണ്ടുകൊണ്ടിരുന്ന യേശുവിൻെറ ഹൃദയാവിഷ്കാരം:

''നിങ്ങഠം തിരുനാളിനു പൊയ്ക്കൊള്ളുവിൻ ഞാൻ പോകുന്നില്ല. എന്തെന്നാൽ, എൻെറ സമയം ഇനിയും പൂൎത്തിയായിട്ടില്ല''. (യോഹ 7:8)

13 സുവിശേഷകഥാനായകനായ യേശുവിനെ നേരിൽ കാണാനിട വന്ന ഭാഗ്യശാലികളുടെ ഹൃദയാവിഷ്കാരം:

''വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവൻെറ മഹത്വം നമ്മഠം ദൎശിച്ചു. കൃപയും സത്യവും നിറഞ്ഞതും പിതാവിൻെറ ഏകജാതൻേറതുമായ മഹത്വം''. (യോഹ 1:14)

14 യേശുവിനെ നേരിൽ കണ്ടു പരിചയപ്പെടുവാനിട വന്ന സമറിയ പട്ടണവാസികളുടെ ഹൃദയസംതൃപ്തി:

''അവർ (സമറിയ പട്ടണവാസികഠം) ആ സ്ത്രീയോടു പറഞ്ഞു: ''ഇനിമേൽ ഞങ്ങഠം വിശ്വസിക്കുന്നത് നിൻെറ വാക്കുമൂലമല്ല. കാരണം, ഞങ്ങഠം തന്നെ നേരിട്ടു ശ്രവിക്കയും ഇവനാണ് ലോകരക്ഷകൻ എന്ന് യഥാൎത്ഥത്തിൽ മനസ്സിലാക്കുയും ചെയ്തിരിക്കുന്നു''. (യോഹ 4:42)

15 അസ്വസ്ഥമായ മനുഷ്യഹൃദയങ്ങഠംക്ക് സമാശ്വാസം അരുളുന്ന യേശുവിൻെറ ഹൃദയാവിഷ്കാരം: ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എൻെറ നുകം വഹിക്കയും എന്നിൽനിന്നു പഠിക്കയും ചെയ്യുവിൻ. അപ്പോഠം

നിങ്ങളുടെ ആത്മാവ് ആശ്വാസം കണ്ടെത്തും. എന്തെന്നാൽ എൻെറ നുകം വഹിക്കാനെളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാകുന്നു. (മത്താ 11:29–30)

16 തൻെറ ശുശ്രൂഷാസമീപനത്തെപ്പററി സ്നാപകയോഹന്നാന് ഇടച്ചിലുള്ളതായി അറിഞ്ഞപ്പോൾ തൻെറ സമീപനത്തെ സാധൂകരിച്ചുകൊണ്ട് യേശു നടത്തിയ ഹൃദയാവിഷ്കാരം:

'യേശു മറുപടി പറഞ്ഞു; നിങ്ങൾ കേൾക്കുന്നതും കാണുന്നതും പോയി യോഹന്നാനെ അറിയിക്കുക, അന്ധന്മാർ കാഴ്ച പ്രാപിക്കുന്നു, മുടന്തന്മാർ നടക്കുന്നു; കുഷ്ഠരോഗികൾ ശുദ്ധിയുള്ളവരാക്കപ്പെടുന്നു. ബധിരർ കേൾക്കുന്നു. മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നു, ദരിദ്രരോട് സുവിശേഷം പ്രസംഗിക്കപ്പെടുന്നു. എന്നിൽ അവിശ്വാസം തോന്നാത്തവൻ ഭാഗ്യവനാകുന്നു.' (മത്ത 11:4-6)

17 യേശുവിനെ ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ദാസനായി അവതരിപ്പിക്കുന്ന പ്രവാചകസാക്ഷ്യം. 'ഇതാ ഞാൻ തിരഞ്ഞെടുത്ത എൻെറ ദാസൻ, എൻെറ ആത്മാവ് പ്രസാദിച്ച എൻെറ പ്രിയപ്പെട്ടവൻ! ഞാൻ അവൻെറമേൽ എൻെറ ആത്മാവിനെ അയയ്ക്കും. അവൻ വിജാതീയരെ ന്യായവിധി അറിയിക്കുകയും ചെയ്യും. അവൻ അവൻതർക്കിക്കുകയോ ബഹളംകൂട്ടുകയോഇല്ല. തെരുവീഥികളിൽ അവൻെറ ശബ്ദം ആരും കേൾക്കുകയില്ല. നീതിയെ വിജയത്തിലെത്തിക്കുന്നതുവരെ അവൻ ചതഞ്ഞ ഞാങ്ങണ ഒടിക്കുകയില്ല; പുകഞ്ഞ തിരി കെടുത്തുകയില്ല. അവൻെറ നാമത്തിൽ വിജാതീയർ പ്രത്യാശ വയ്ക്കും'. (മത്താ 12:18–21)

18 പുറജാതിക്കാരനായ ശതാധിപൻെറ വിശ്വാസപ്രകടനത്തിൽ സന്തോഷിച്ചുകൊണ്ട് യേശുനടത്തിയ ഹൃദയാവിഷ്കാരം.

'യേശു ഇതുകേട്ട് ആശ്ചര്യപ്പെട്ട്, തന്നെ അനുഗമിച്ചിരുന്നവരോടുപറഞ്ഞു: 'സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഇതുപോലുള്ള വിശ്വാസം ഇസ്രായേലിൽപ്പോലും ഞാൻ കണ്ടിട്ടില്ല.' (മത്താ 8 : 10)

19 അവശരും ആലംബഹീനരുമായ ജനക്കൂട്ടത്തിൻെറമേൽ മനസ്സലിഞ്ഞ യേശുവിൻെറ ഹൃദയവചസ്സുകൾ:

''അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എൻെറ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം''. (മത്താ 11:28)

20 തൻെറ പിതാവിൻെറ ജോലിയിൽ വ്യാപൃതനായിരുന്ന തന്നെ തൻെറ അമ്മയും സഹോദരങ്ങളും അന്വേഷിച്ചു വന്നപ്പോൾ യേശു നടത്തിയ ഹൃദയാവിഷ്കാരം:

''ദൈവത്തിൻെറ ഹിതം നിവ്വഹിക്കുന്നവരാരോ അവരാണ് എൻെറ സഹോദരനും, സഹോദരിയും അമ്മയും'' (മാക്കോ 3:35)

21 ഹേറോദേസ് രാജാവ് തന്നെ കൊല്ലുവാൻ അന്വേഷിക്കുന്നുവെന്നു ഭീഷണിപ്പെടുത്തപ്പെട്ടപ്പോൾ തൻെറ പിതാവിൻെറ പരിപാലനയുടേതായ ''ദിവസ''ത്തിൽ ജീവിച്ചിരുന്ന യേശു നടത്തിയ ഹൃദയാവിഷ്കാരം:

''അവൻ പറഞ്ഞു.'' നിങ്ങൾ പോയി ആ കുറുക്കനോടു പറയുവിൻ: ഞാൻ ഇന്നും നാളെയും പിശാചുക്കളെ പുറത്താക്കുകയും രോഗശാന്തി നല്കുകയും ചെയ്യും. മൂന്നാംദിവസം എൻെറ ദൗത്യം ഞാൻ പൂർത്തിയാക്കിയിരിക്കും. എങ്കിലും ഇന്നും നാളെയും മററന്നാളും ഞാൻ എൻെറ മാർഗ്ഗം തുടരേണ്ടിയിരിക്കുന്നു. (ലൂക്കാ. 13:32-33)

22 യൂദന്മാർ തന്നെ കല്ലെറിഞ്ഞുകൊല്ലുവാൻ പരിശ്രമിച്ച യൂദായിലേക്കു ലാസറിൻെറ രോഗവാർത്തകേട്ടു പുറപ്പെടുവാൻ തൻെറ ശിഷ്യന്മാർ ഭയപ്പെട്ടപ്പോൾ, തൻെറ പിതാവിൻെറ പരിപാലനയുടേതായ 'പകൽ' വെളിച്ചത്തിൽ നടന്നിരുന്ന യേശുവിൻെറ ഹൃദയാവിഷ്കാരം:

'യേശു പ്രതിവചിച്ചു: 'പകലിനു പന്ത്രണ്ടു മണിക്കൂറില്ലേ? ആരെങ്കിലും പകൽ നടന്നാൽ കാൽ തട്ടിവീഴുന്നില്ല. കാരണം, ഈ ലോകത്തിൻെറ പ്രകാശം അവൻ

കാണുന്നു. രാത്രി നടക്കുന്നവൻ തട്ടി വീഴുന്നു. കാരണം, അവനുപ്രകാശമില്ല'. (യോഹ 11:4-10)

23 തന്റെ രക്ഷണീയപ്രബോധനങ്ങൾക്കെതിരായി ശ്രോതാക്കൾ പിറുപിറുത്തപ്പോൾ യേശു നടത്തിയ ഹൃദയാവിഷ്കാരം:

'യേശു അവരോടുപറഞ്ഞു: നിങ്ങൾ പരസ്പരം പിറുപിറുക്കേണ്ടതില്ല. എന്നെ അയച്ചപിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എന്റെ അടുക്കലേക്ക വരുവാൻ സാധിക്കയില്ല'. (യോഹ 6:43-44)

24 തന്റെ ശിഷ്യന്മാർ സുവിശേഷ പര്യടനാനന്തരം വിജയശ്രീലാളിതരായി തന്റെപക്കൽ മടങ്ങിവന്നപ്പോൾ അജപാലനാനന്ദമനുഭവിച്ച യേശുവിന്റെ ആത്മഭാഷണം:

'ആ സമയം തന്നെ പരിശുദ്ധാത്മാവിൽ ആനന്ദിച്ച് അവൻ പറഞ്ഞു: സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവേ, നിന്നെ ഞാൻ സ്തുതിക്കുന്നു. എന്തെന്നാൽ, നീ ഇവ വിവേകികളിൽനിന്നും ബുദ്ധിമാന്മാരിൽനിന്നും മറച്ചുവച്ചുകയും ശിശുക്കൾക്ക വെളിപ്പെടുത്തുകയും ചെയ്തു. അതേ പിതാവേ, അതായിരുന്നു നിന്റെ അഭീഷ്ടം' (യോഹ 10:21)

25 ആടുകൾക്കുവേണ്ടി സ്വന്തം ജീവൻ സമർപ്പിക്കുന്ന നല്ലയിടയനായ യേശുവിന്റെ ഹൃദയാവിഷ്കാരം. ''ഞാൻ നല്ലയിടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ സമർപ്പിക്കുന്നു.'' (യോഹ 10:11)

26 തന്റെ ആടുകളുമായി ഹൃദയ സ്വാതന്ത്ര്യം അനുഭവിക്കുവാൻ ആഗ്രഹിക്കുന്ന യേശുവിന്റെ ഹൃദയവചസ്സുകൾ. ''ഞാൻ നല്ല ഇടയനാകുന്നു. പിതാവ് എന്നെയും ഞാൻ പിതാവിനെയും അറിയുന്നതുപോലെ ഞാൻ എന്നിലുള്ളവയെയും എനിക്കുള്ളവ എന്നെയും അറിയുന്നു. (യോഹ 10:15)

27 തന്റെ ആത്മസമർപ്പണത്തെപ്പററി യേശു നടത്തുന്ന വിലയിരുത്തൽ; ''തിരിച്ചെടുക്കുന്നതിനുവേണ്ടി ഞാൻ ജീവൻ സമർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്ക

ന്നു. ആരും എന്നിൽനിന്നു് അതു് പിടിച്ചെടുക്കുകയല്ല, ഞാൻ അതു് സ്വമനസ്സാ സമർപ്പിക്കുകയാണു്. അതു് സമർപ്പിക്കാനും തിരികെ എടുക്കാനും എനിക്കധികാരമുണ്ടു്. ഈ കല്പന എന്റെ പിതാവിൽനിന്നാണു് എനിക്കു ലഭിച്ചതു്. (യോഹ 10:17-18)

28 യേശുവിന്റെ മാതാവായിത്തീരുകയെന്ന മഹാഭാഗ്യത്തിന്റെ പേരിൽ ഒരു സ്ത്രീ തന്റെ വികാരാവേശം ഏററു പറഞ്ഞപ്പോൾ, ദൈവ വചനശുശ്രൂഷയിൽ വ്യാപൃതനായിരുന്ന യേശുവിന്റെ ഹൃദയമൊഴികൾ:

അപ്പോൾ അവൻ പറഞ്ഞു. ''ദൈവവചനം കേട്ട് അതു പാലിക്കുന്നവർ കൂടുതൽ ഭാഗ്യമുള്ളവരാകുന്നു.'' (ലൂക്കാ 11:28)

29 തന്നിൽ നിറവേറപ്പെടുവാനിരിക്കുന്ന പെസഹാരഹസ്യ പരിപാലനയെപ്പററി ഇടച്ച് വിചാരിച്ച തന്റെ ശിഷ്യനെ ശാസിച്ച യേശുവിന്റെ ഹൃദയാവിഷ്കാരം:

''യേശു തിരിഞ്ഞു് പത്രോസിനോടു പറഞ്ഞു: ''സാത്താനേ, എന്റെ മുമ്പിൽ നിന്നു പോകൂ. നീ എനിക്കു പ്രതിബന്ധമാകുന്നു. നീ ചിന്തിക്കുന്നതു് ദൈവത്തിന്റെ കാര്യങ്ങളല്ല, മനുഷ്യന്റെ കാര്യങ്ങളാണു്''
(മത്താ 16:23)

30 തന്റെ പിതാവിന്റെ ''നാഴിക''യിൽ പ്രവേശിച്ചപ്പോൾ രക്തം വിയർക്കത്തക്കവിധം ഭയവിഹ്വലനായിത്തീർന്ന യേശുവിന്റെ ആത്മഭാഷണം:

''എന്റെ പിതാവേ, സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നകന്നു പോകട്ടെ. എങ്കിലും ഞാൻ ഇച്ഛിക്കുന്നതു പോലെയല്ല, അങ്ങു് ഇച്ഛിക്കുന്നതുപോലെ''
(മത്താ: 26:39)

31 തന്നിൽ നിറവേറപ്പെടുന്ന രക്ഷണീയ പരിപാലനക്കു നിരക്കാത്ത വിധം തന്റെ ശിഷ്യൻ പ്രധാനാചാര്യന്റെ ഭൃത്യനെ വാൾ ഊരി വെട്ടിയപ്പോൾ യേശു നടത്തിയ ഹൃദയാവിഷ്കാരം:

''യേശു പത്രോസിനോടു പറഞ്ഞു: ''വാൾ ഉറയി

ലിട്ടുക. പിതാവ് എനിക്കു നല്കീയ പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ?'' (യോഹ 18:11)

32 പുനരുത്ഥാനവും ജീവനും താനാകുന്നുവെന്ന് ഉറപ്പ് നല്കാൻ കഴിഞ്ഞ യേശുവിൻെറ ആത്മാവിഷ്ക്കാരം:

''യേശു അവളോട്ട് (മാത്തയോട്) പറഞ്ഞു: ''പുനരുത്ഥാനവും ജീവനും ഞാനാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും''. (യോഹ 11 25)

33 നിത്യജീവൻെറ ഉറവിടമായി തന്നെത്തന്നെ വെളിപ്പെടുത്തിയ യേശുവിൻെറ ഹൃദയാവിഷ്ക്കാരം:

'ജീവിക്കുന്നവനായ പിതാവ് എന്നെ അയച്ചതുപോലെയും ഞാൻ പിതാവുമൂലം ജീവിക്കുന്നതുപോലെയും എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും''

(യോഹ 6:57)

34 ദൈവാനുഭവത്തിനായി ദാഹിക്കുന്ന മനുഷ്യഹൃദയങ്ങൾക്ക് നിത്യമായി ദാഹശമനം വരുത്തുവാൻ കഴിയുന്നവനായി തന്നെത്തന്നെ വെളിപ്പെടുത്തിയ യേശുവിൻെറ ഹൃദയാവിഷ്ക്കാരം:

'തിരുനാളിൻെറ അവസാനത്തെ മഹാദിനത്തിൽ യേശു എഴുന്നേററുനിന്നു പ്രഖ്യാപിച്ചു, ആക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എൻെറ അടുക്കൽ വന്നുകുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവൻെറ ഹൃദയത്തിൽനിന്നു, വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിൻെറ അരുവികൾ ഒഴുകും'. യോഹ 7:37–38)

35 ജീവൻെറ പ്രകാശം നല്കുവാൻ കഴിയുന്നവനായി തന്നെത്തന്നെ വെളിപ്പെടുത്തിയ യേശുവിൻെറഹൃദയാവിഷ്ക്കാരം:

യേശു വീണ്ടും അവരോടു പറഞ്ഞു: ''ഞാൻ ലോകത്തിൻെറ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവൻെറ പ്രകാശം ഉണ്ടായിരിക്കും.'' (യോഹ 8:12)

36 തൻെറ ശിഷ്യന്മാരോട്ട് അന്തിമയാത്ര ചോദിച്ചയവസരത്തിൽ തൻെറ പിതാവിൻെറ ഭവനത്തെപ്പററിയുള്ള ചിന്തയാൽ മനം കുളിന്ന് യേശുവിൻെറ ആത്മവചസ്സുകൾ:

എൻെറ പിതാവിൻെറ ഭവനത്തിൽ അനേകം വാസ സ്ഥലങ്ങളുണ്ട്. ഇല്ലായിരുന്നുവെങ്കിൽ നിങ്ങൾക്ക് സ്ഥലമൊരുക്കുവാൻ പോകുന്നുവെന്നു നിങ്ങളോടു ഞാൻ പറയുവായിരുന്നോ? ഞാൻ പോയി നിങ്ങൾക്കുസ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിനു ഞാൻ വീണ്ടും വന്ന് നിങ്ങളെയുംകൂട്ടി കൊണ്ടുപോകും.'' (യോഹ 14:2-3)

37 താനും തൻെറ പിതാവും ഒന്നാകുന്നുവെന്ന് സാക്ഷീകരിക്കുവാൻ കഴിഞ്ഞ യേശുവിൻെറ ഹൃദയാവിഷ്കാരം:

''ഞാനും പിതാവും ഒന്നാകുന്നു.'' (യോഹ 10:30)

38 തന്നെ അയച്ചപിതാവിൻെറ അഭീഷ്ടം നിവ്വഹിക്കുന്നതും അവൻെറ ജോലി പൂർത്തിയാക്കുന്നതുമാണ് തൻെറ ഭക്ഷണമെന്ന് ഏററുപറയാൻ കഴിഞ്ഞ യേശുവിൻെറ ഹൃദയാവിഷ്കാരം:

'എന്നെ അയച്ചവൻെറ ഇഷ്ടം പ്രവർത്തിക്കയും അവൻെറ ജോലി പൂർത്തിയാക്കയുമാണ് എൻെറ ഭക്ഷണം' (യോഹ 4:34)

39 തന്നെ കാണുന്നവൻ തൻെറ പിതാവിനെ കാണുന്നുവെന്ന് ഏററു പറയാൻ കഴിഞ്ഞ യേശുവിൻെറ ആർദ്രമൊഴികൾ:

'യേശു പറഞ്ഞു ഇത്രയേറെക്കാലം ഞാൻ നിങ്ങളോടു കൂടിയായിരുന്നു. എന്നിട്ടും പീലിപ്പോസേ, നീ എന്നെ അറിഞ്ഞില്ലല്ലോ. എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു'. യോഹ 14: 9

40 താനാണ് മനുഷ്യരെ പിതാവിലേക്ക് നയിക്കുന്ന വഴിയും, പിതാവുമായി ബന്ധപ്പെടുത്തുന്ന സത്യവും, പിതാവിൽ ജീവിപ്പിക്കുന്ന ജീവനുമെന്ന് ഉറപ്പ് പറയാൻ കഴിഞ്ഞ യേശുവിൻെറ ആത്മാവിഷ്കാരം:

'യേശുപറഞ്ഞു: വഴിയും, സത്യവും, ജീവനും, ഞാനാകുന്നു. എന്നിലൂടെയല്ലാതെ ആരും പിതാവിൻെറ അടുക്കലേക്ക് വരുന്നില്ല.' (യോഹ 14: 6)

41 തൻെറ പിതാവിനു പ്രസാദിച്ചവ താൻ എപ്പോഴും ചെയ്തു കൊണ്ടിരിക്കുമെന്നു് സാക്ഷീകരിച്ച യേശുവിൻെറ ഹൃദയാവിഷ്കാരം.

'എന്നെ അയച്ചവൻ എന്നോടുകൂടെയുണ്ടു്. അവൻ എന്നെ തനിയെ വിട്ടിരിക്കയല്ല. കാരണം, ഞാൻഎപ്പോഴും അവനിഷ്ടമുള്ളതു് പ്രവർത്തിക്കുന്നു. (യോഹ 8:29)

42 തൻെറ പിതാവിൻെറ കല്പനകൾ പാലിച്ച പിതാവിൻെറ സ്നേഹത്തിൽ വസിക്കുന്നുവെന്നു സാക്ഷ്യപ്പെടുത്തുവാൻ കഴിഞ്ഞ യേശുവിൻെറ ഹൃദയവചസ്സുകൾ:

'ഞാൻ എൻെറ പിതാവിൻെറ കല്പനകൾ പാലിച്ചു് അവൻെറ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എൻെറ കല്പനകൾ പാലിച്ചാൽ എൻെറ സ്നേഹത്തിൽ വസിക്കും'. (യോ 15: 10)

43 പിതാവുതന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കി പിതാവിനെ മഹത്വപ്പെടുത്തിയെന്നു് ഏററുപറഞ്ഞ യേശുവിൻെറ ഹൃദയാവിഷ്കാരം!

'ഞാൻ ചെയ്യുന്നതിനായി നീ എന്നെ ഏല്പിച്ച ജോലി, പൂർത്തിയാക്കിക്കൊണ്ടു് ഭൂമിയിൽ നിന്നെ ഞാൻ മഹത്വപ്പെടുത്തി. (യോഹ 17: 4)

44 യേശുവിലൂടെ കൈവരുന്ന സുവിശേഷസൗഭാഗ്യത്തിൻെറ ആധികാരികതയെ വെളിപ്പെടുത്തുന്ന യേശുവിൻെറ ആത്മാവിഷ്കാരം:

'ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഹൃദയ ഐക്യം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതനാണ്, അവനെ വെളിപ്പെടുത്തിയതു്'. (യോഹ 1: 18)

45 തൻെറ ശിഷ്യരുമായി യേശു പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്ന സ്നേഹത്തിൻെറ ഹൃദയത്തുടിപ്പുകൾ.

'നിങ്ങൾ എന്നിൽ വസിക്കുകയും, എൻെറ വാക്കുകൾ നിങ്ങളിൽ നിലനില്ക്കുകയും ചെയ്യുന്നു എങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക, അതു നിങ്ങൾക്കു ലഭിക്കും, നിങ്ങൾ വളരെ ഫലം പുറപ്പെടുവിക്കുകയും അങ്ങനെ എൻെറ ശിഷ്യന്മാരായിരിക്കയും ചെയ്യുന്നതുവഴി പിതാവു മഹത്വപ്പെടുന്നു'. (യോഹ 15:7/8)

46 ക്രൈസ്തവസ്നേഹത്തിന്റെ മുഖമുദ്രയും ക്രിസ്തുശിഷ്യന്മാരുടെ സവിശേഷലക്ഷണവും ചൂണ്ടിക്കാണിച്ചുകൊണ്ട് യേശു നടത്തുന്ന ഹൃദയാവിഷ്കാരം:

''ഒരു പുതിയ കല്പന നിങ്ങൾക്കു ഞാൻ നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരസ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും''.

(യോഹ. 13:34–35)

47 തന്നോടുള്ള വിശ്വസ്തതയിൽ അചഞ്ചലരായി അവസാനംവരെ പിടിച്ചുനിൽക്കുന്ന തന്റെ അനുഗാമികൾക്ക് യേശു വാഗ്ദാനം ചെയ്യുന്ന ദൈവരാജ്യസൗഭാഗ്യം:

''എന്റെ പരീക്ഷകളിൽ എന്നോടുകൂടി നിരന്തരം ഉണ്ടായിരുന്നവരാണു നിങ്ങൾ. എന്റെ പിതാവ് എനിക്കു രാജ്യം കല്പിച്ചു തന്നിരിക്കുന്നതുപോലെ ഞാൻ നിങ്ങൾക്കു തരുന്നു. അതു നിങ്ങൾ എന്റെ രാജ്യത്തിൽ എന്റെ മേശയിൽനിന്ന് ഭക്ഷിക്കുകയും പാനം ചെയ്യുകയും സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കയും ചെയ്യുന്നതിനു വേണ്ടിയത്രേ''.

(യോഹ. 22:28–30)

48 തന്നെ കുരിശിൽ തറച്ചു പീഡിപ്പിച്ചുകൊണ്ടിരുന്ന ഘാതകന്മരോടു മഹാമനസ്കത കാണിച്ച യേശുവിന്റെ ഹൃദയാവിഷ്കാരം:

''യേശു പറഞ്ഞു : പിതാവേ, അവരോടു ക്ഷമിക്കേണമെ : എന്തെന്നാൽ അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല.

(ലൂക്കാ 23–34)

49 തന്റെ ആത്മസമർപ്പണ വേളയിൽ യേശു നടത്തിയ ഹൃദയാവിഷ്കാരം:

''യേശു ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു : പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. ഇതു പറഞ്ഞുകൊണ്ട് അവൻ ജീവൻ വെടിഞ്ഞു''.

(ലൂക്കാ 23:46)

50 മനുഷ്യരുടെ അവശതകളിൽ രക്ഷണീയ ആശ്വാസം പകരുന്ന വിഷയത്തിൽ കേവലം നൈയാമികസമീപനത്തിനായി

1. പാപിനിയായ സ്ത്രീയുടെ അനുതാപപരിചരണം ഏററുകൊണ്ടു് (ലൂക്ക:7;37–39); 2. സമറിയാക്കാരി സ്ത്രീയോട്ടു് തനിയെ സംസാരിച്ചുകൊണ്ടു് (യോഹ: 4: 27;) 3. കുഷ്ഠരോഗിയെ കൈനീട്ടി തൊട്ടുകൊണ്ടു്; (Mt; 8:3; Mk 1: 41, Lk: 5:13) 4. രക്തസ്രാവമുള്ള സ്ത്രീയെ തൻെറ വസ്ത്രാഞ്ചലത്തിൽ സ്പർശിക്കുവാൻ അനുവദിച്ചുകൊണ്ടു്; (മർക്കോ 5:30-32, ലൂക്കാ 8: 46;) 5. സംഘപ്രമാണിയുടെ മരിച്ചുപോയ മകളുടെ മൃതദേഹത്തെതൊട്ടുകൊണ്ടു്: (മത്താ 9:25, മർക്കോ 5:41, ലൂക്ക 8:54) ; 6. നായിംപട്ടണത്തിലെ വിധവയുടെ മരിച്ചുപോയ മകൻെറ ശവമഞ്ചത്തിൽ തൊട്ടുകൊണ്ടു്; (ലൂക്കാ. 7:14,) യേശു പ്രകടമാക്കിയ ദൈവാഭിമുഖീകരണാത്മകമായ ഹൃദയാർദ്രത.

51 തൻെറ ശിഷ്യന്മാരുമായി ഇടപഴകിയ സാഹചര്യങ്ങളിൽ

1. കടൽക്ഷോഭാവസരത്തിൽ തന്നിൽ വിശ്വാസം അർപ്പിക്കാൻ കഴിയതെ പോയ അവരുടെ ദുർബ്ബല വിശ്വാസത്തിനതീതമായി (മത്ത: 8: 23-27, മർക്കോ: 4: 35-41, ലൂക്കാ: 8: 21-25);

2. ഫ്രീശരുടെയും സദുക്കായരുടേയും ഹേറോദോസിൻെറയും പുളിമാവിൽനിന്നു് സൂക്ഷിച്ചു കൊള്ളുവാൻ താൻ നല്കിയ ആഹ്വാനത്തിന്റെ അർത്ഥം ഗ്രഹിക്കാൻ കഴിയാതെ പോയ അവരുടെ മന്ദബുദ്ധിയ്ക്കതീതമായി; (മത്ത: 16:5-12, മർക്കോ: 8: 13 -21;)

3. പെസഹാ രഹസ്യാത്മകമായ രക്ഷണീയ പരിപാലനയിൽ നിന്നു് തന്നെ തടയാൻ ശ്രമിച്ച അവരുടെ മാനുഷിക ചിന്തയ്ക്കതീതമായി (മത്താ: 16: 21-23, മർക്കോ: 8: 31-33;)

4. തൻെറ നാമത്തിൽ പിശാചുക്കളെ പുറത്താക്കിയിരുന്ന മനുഷ്യൻ തങ്ങളുടെ കൂട്ടത്തിൽ പെടാതിരുന്നതിൻെറ പേരിൽ അവനെ മുടക്കിയ വിഭാഗീയ ചിന്തയ്ക്കതീതമായി (ലൂക്കാ: 9: 49-50;)

5. തങ്ങളെ സ്വീകരിക്കാത്തതിൻെറ പേരിൽ സമറിയാക്കാരെ ആകാശത്തിൽ നിന്നു് അഗ്നിയിറക്കി നശിപ്പിക്കുവാൻ വ്യഗ്രത കാണിച്ച അവരുടെ പ്രതികാര മനോഭാവത്തിനതീതമായി (ലൂക്കാ: 9:51-56;)

6. സ്ഥാനമാനങ്ങളുടെ പേരിൽ അവരുടെ ഇടയിലുണ്ടായികക്ഷി മത്സര്യങ്ങൾക്കതീതമായി: (മർക്കോ: 9: 32-36, ലൂക്കാ: 9:46-48, മർക്കോ: 10:35-45, മത്ത: 20: 20-28,)

7. എല്ലാവരും തന്നിൽ ഇടറിയാലും അവർ ഇടറുകയില്ല എന്നുള്ള അവരുടെ ആത്മപ്രശംസയ്ക്കതീതമായി; (മത്ത: 29:30-35; മർക്കോ: 14:26-31; ലൂക്കാ: 22 31-34; യോഹ: 13:36-38)

8. തൻെറ രക്ഷണീയ പ്രബോധനങ്ങൾക്കെതിരായി അവരുടെ ഭാഗത്തുനിന്നുണ്ടായ പിറുപിറുക്കലിനതീതമായി :- (യോഹ: 6:60-67)

9. ഒരു മണിക്കൂർതന്നോടുകൂടി ഉണർന്നിരിക്കാൻ കഴിയാതെപോയ അവരുടെ ശാരീരിക ബലഹീനതകൾക്കതീതമായി. (മത്ത:26: 36-44, മർക്കോ: 14: 32-41, ലൂക്കാ: 22: 39-46.

10. തൻെറ ശവസംസ്കാരത്തിനായുള്ള തൈലം പൂശലിൻെറ പേരിൽ അവർ നടത്തിയ വിലപേശലിനതീതമായി. (മത്ത: 26: 6-13; യോഹ: 12: 1-8)

11. തന്നെ ഒററിക്കൊടുക്കുവാൻ കളമൊരുക്കിയശേഷം അഭിനയം കാണിച്ച യൂദാസിൻെറ കപടനാട്യത്തിനതീതമായി: (മത്ത: 26 20-25.)

12. യൂദാസ് തന്നെ ചുംബിച്ചുകൊണ്ടു നടത്തിയ ഒററിക്കൊടുക്കലിനതീതമായി: (മത്ത: 26: 47-50, മർക്കോ: 14: 43-46, ലൂക്കാ: 22: 47-48)

13. താൻ ബന്ധനസ്ഥനായപ്പോൾ തന്നെ വിട്ടോടിപ്പോയ അവരുടെ അവിശ്വസ്തതയ്ക്കു് അതീതമായി. (മത്താ 26: 56, മർക്കോ: 14:50)

14. കേവലം ഒരു വേലക്കാരിസ്ത്രീയുടെ വാക്കുകേട്ടു് കേപ്പ നടത്തിയ നിഷേധഭാഷണത്തിനതീതമായി. (മത്താ: 26:69-75. മർക്കോ: 14:66-72, ലൂക്കാ: 22:54-62, യോഹ: 18: 24-27.)

15. തൻെറ മരണശേഷംനഷ്ടധൈര്യരായി അവർ നടത്തിയ ഒളിച്ചോട്ടത്തിനതീതമായി. (ലൂക്കാ. 24: 13-35).

യേശു പ്രകടമാക്കിയ ദൈവാഭിമുഖീകരണാത്മകമായ മഹാമനസ്കത.

LIBRARY

16.

## സുവിശേഷസൗഭാഗ്യം


ഡോ. ജെയിംസ് അജേവൂസ്
കോയിത്തറ, സി. എം. ഐ.

സുവിശേഷസൗഭാഗ്യത്തിൻെറ പടികൾ കയറി ചെല്ലുവാൻ പ്രാർത്ഥനാ നുഭവത്തിൻെറ സമാശ്ലേഷം ആവശ്യമാണ്. പ്രാർത്ഥന ജീവിതസൗഭാഗ്യമായി ത്തീരുമ്പോൾ ജീവിതം പ്രാർത്ഥനാമയമായി പകരുന്നു. സുവിശേഷങ്ങളിലൂടെ ജീവിതത്തിൻെറ താളലയങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്ന ഗ്രന്ഥകാരൻ സുവി ശേഷാത്മകമായ ദൈവാഭിമുഖീകരണ സൗഭാഗ്യത്തിൽ ഉറച്ചു വിശ്വസിക്കുന്നു. സുവിശേഷവിവരണങ്ങളുടെ ഉറവിടം, ഉദ്ദേശ്യം, രചന, രീതി തുടങ്ങിയവയിലൂടെ ഗവേഷണാത്മകമായ മനസ്സുമായി ചരിക്കുന്ന ഗ്രന്ഥകാരൻ യേശുവിൻെറ ജീവിതസാക്ഷാത്കാരം തുടികൊട്ടുന്ന ഹൃദയസ്പന്ദന വചനധാരകളിലേക്കു കടന്നു ചെല്ലുന്നു. പൗരോഹിത്യത്തിൻെറ സുവർണ്ണ ജൂബിലി ആഘോഷി ക്കുന്ന അവസരത്തിൽ സുവിശേഷസൗഭാഗ്യം അന്വേഷിക്കുന്നവർക്കു ഗ്രന്ഥ കാരൻ നല്കുന്ന ഉപഹാരമാണിത്.

—— വിതരണം ——
ജനതാ ബുക്ക് സ്റ്റാൾ
തേവര, കൊച്ചി - 13

# സുവിശേഷ സൗഭാഗ്യം

ഡോ. ജെയിംസ് അജ്ജേവൂസ്
കോയിത്തറ സി.എം.ഐ.



Indic Digital Archive Foundation
gpura.org